www.malankaralibrary.com


# MALANKARA CATHOLIC ASSOCIATION-(MCA)

## Syro Malankara Catholic Church, Diocese of St. John Chrysostom, Gurgaon

Mar Ivanios Bhawan, J1/61-62, Paryavaran Complex, IGNOU Road, Neb Sarai, New Delhi 110068
Tel: 011- 2536525, Email- mcagurgaondiocese@gmail.com

Vol:4; Edition-45/2022 dated 1.12.2022
(For private circulation only)

# NEWS BULLETIN- NOV. 22





**മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ദ്വിതീയാധ്യക്ഷൻ ആയിരുന്ന ഭാഗ്യസ്മരണീയനായ ആബൂൻ തങ്ങളത്തിൽ ബനഡിക്ട് മോർ ഗ്രിഗോറിയോസ് മെത്രാപ്പോലിത്തായുടെ 28-ാം ദീപ്ത സ്മരണയിൽ മലങ്കര മക്കൾ ⛪**

നാല് ദശാബ്ദക്കാലം മലങ്കര സുറിയാനി കത്തോലിക്കാ സഭയെ ഭാഗ്യമോടെ നയിച്ച ബന്ഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനി... മലയാളക്കരയുടെ ആദ്ധ്യാത്മിക ചൈതന്യം... ജാതി മത വർണ്ണ വർഗ്ഗ ഭേദമന്യേ എവരുടെയും പിതാവ്...

www.malankaralibrary.com


## പ്രാർത്ഥനാശംസകൾ....



www.malankaralibrary.com

# അഭിനന്ദനങ്ങൾ...




**Very Rev Fr Jose Mariadas OIC**
for the KCBC Bible Commission Award for his book tiltles “Chintheru”



**Shri Binoy Varghese, Muvattupuzha Diocese**
for KCBC Catechism Teacher Award

www.malankaralibrary.com











www.malankaralibrary.com



**MOST REV. DR. ANDREWS THAZHATH**
ARCHBISHOP OF TRICHUR
**President**



**MOST REV. DR. GEORGE ANTONYSAMY**
ARCHBISHOP OF MADRAS-MYLAPORE
**Vice-President 1**



**MOST REV. DR. MAR JOSEPH THOMAS**
BISHOP OF BATHERI
**Vice-President 2**



**MOST REV. DR. FELIX MACHADO**
ARCHBISHOP-BISHOP OF VASAI
**Secretory General**

Prayerful wishes from MCA Central Committee 💐💐💐

www.malankaralibrary.com

THE SYRO MALANKARA CATHOLIC CHURCH

# MALANKARA CATHOLIC ASSOCIATION

(The Laity Organisation of The Syro Malankara Catholic Church)
Central Office: Catholicate Centre, Pattom, Thiruvananthapuram - 695004
Email: malankaracatholicassociation17@gmail.com

MCA

Patron
**HIS BEATITUDE MORAN MOR BASELIOS CARDINAL CLEEMIS CATHOLICOS**
Major Arch Bishop – Catholicos
Major Arch Bishop's House, Pattom
Trivandrum, Kerala, India – 695004
Mob: 0090-471-2541542

Chairman
**MOST. REV. DR. JOSHUA MAR IGNATHIOS**
Bishop of Mavelikara, Amalagiri,
Catholic Bishop's House Punnamood,
Mavelikara, Alapuzha Kerala, India – 590101
Mob: 0469 2730120

Ecclasiastical Advisor
**REV. FR. JOHN AREEKAL**
Malakara Cathalic Association (MCA)
Catholicate Centre,
Pattom,
Trivandrum – 695004
Mob: 9447022347

Cir. No.: **29/2021-23** തീയതി : **05.11.2022**

പ്രിയ ബഹു. അച്ചാ/സുഹൃത്തെ,

എം.സി.എ സഭാതല സമിതിയുടെ ക്ഷേമാശംസകൾ

എം.സി.എ സഭാതല സമിതി നേതൃത്വം നൽകിവരുന്ന കർമ്മപരിപാടികൾക്ക് രൂപത സമിതികൾ നൽകിവരുന്ന സവിശേഷമായ സഹകരണങ്ങൾക്ക് നന്ദിയർപ്പിക്കുന്നു. പ്രത്യേകിച്ച് ഭാഗ്യസ്മരണാ ർഹനായ ബനഡിക്ട് മാർ ഗ്രീഗോറിയോസ് അനുസ്മരണ ശാന്തിയാത്ര, പ്രാർത്ഥനാരൂപിയിൽ ഏറ്റം മനോഹരമായി സംഘടിപ്പിക്കുവാൻ നേതൃത്വം നൽകിയ എല്ലാവർക്കും നന്ദിയർപ്പിക്കുന്നു. തുടർന്ന് വരുന്ന പ്രധാനപ്പെട്ട കർമ്മപരിപാടികളിലേക്ക് അങ്ങയുടെ ശ്രദ്ധയും നേതൃത്വവും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

## മിഷൻ വിസിറ്റ്- 2022

മലങ്കര കാത്തലിക് അസോസിയേഷന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിലൊന്നായ മിഷൻ പ്രവർത്തനത്തിൽ സജീവമാകുവാനും നേതൃത്വം നൽകുവാനും നാം കടപ്പെട്ടവരാണ്. എം.സി.എ സഭാതല സമിതിയുടെ നേതൃത്വത്തിൽ നടത്തിവരുന്ന ശ്രദ്ധേയമായ കർമ്മപരിപാടികളിലൊന്നാണ് മിഷൻ സന്ദർശനം. ഈ വർഷം പൂന-കട്കി രൂപതയിലെ വിജയവാഡ മേഖലയിൽ മിഷൻ സന്ദർശനം നടത്തുവാനാണ് പദ്ധതിയിട്ടിരിക്കുന്നത്. 2022 നവംബർ 11-ാം തീയതി യാത്ര ആരംഭിക്കുന്ന 30 പേരടങ്ങുന്ന എം.സി.എ സംഘം 12, 13 തീയതികളിലായി Bapatla, Kaikalis, Kalawagat, Vijayawad തുടങ്ങിയ മിഷൻ ഇടവകകൾ സന്ദർശിക്കുകയും അവരുടെ വിവിധങ്ങളായ ആവശ്യങ്ങളിലും പദ്ധതികളിലും സഹകരിക്കുവാനും തയ്യാറായിരിക്കുന്നു. ഇതിനോടനുബന്ധിച്ച് മിഷൻഫണ്ട് വിതരണവും ചെയ്യുന്നതാണ്. മിഷൻ വിസിറ്റിന്റെ വിവിധ ക്രമീകരണങ്ങൾക്ക് പൂന-കട്കി രൂപത പ്രസിഡന്റ് ശ്രീ. വി.എ ജോർജ്ജ് നേതൃത്വം നൽകി വരുന്നു.

## മിഷൻ ഫണ്ട്

മിഷൻ സന്ദർശനത്തോടനുബന്ധിച്ച് നൽകുന്ന മിഷൻ ഫണ്ടിലേക്ക് ഏവരുടെയും സംഭാവന സ്നേഹപൂർവ്വം അഭ്യർത്ഥിക്കുകയാണ്. സംഭാവന നൽകുവാൻ ആഗ്രഹിക്കുന്നവർ സഭാതല പ്രസിഡന്റ് ശ്രീ. പി പോൾരാജുമായി ബന്ധപ്പെടണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

## അംഗത്വമാസാചരണം- നവംബർ മാസവും തുടരുന്നു

എം.സി.എ അംഗത്വം പുതുക്കുന്നതിനും പുതിയ അംഗത്വമെടുക്കുവാനുമുള്ള അവസരം നവംബർ മാസവും തുടരുകയാണ്. ഇതിനായി Google Form തയ്യാറാക്കി എല്ലാ രൂപത/ മേഖല/യൂണിറ്റുകളിലേക്ക് വിവിധ സമിതികൾ കൈമാറി കഴിഞ്ഞു. ഇനിയും യൂണിറ്റുകൾ പ്രസ്തുത പ്രവർത്തനത്തിൽ പൂർണ്ണമായും പങ്കു ചേർന്നിട്ടില്ല. ആയതിനാൽ നവംബർ മാസം കൊണ്ട് എല്ലാ 30 വയസ്സ് പൂർത്തിയാക്കിയ അല്മായർക്ക് എം.സി.എ അംഗത്വം നൽകേണ്ടതാണ്. അംഗത്വഫീസ് 20 രൂപയാണ്. രൂപത സമിതികൾ അടുത്തുവരുന്ന ഞായറാഴ്ച യൂണിറ്റ് തലത്തിൽ Membership Campaign day ആയി പ്രഖ്യാപിച്ച് പ്രസ്തുത പ്രവർത്തനത്തിൽ സജീവമായി പങ്ക് ചേരണമെന്ന് എല്ലാവരോടും അഭ്യർത്ഥിക്കുന്നു.

## മികച്ച രൂപത-മേഖല-യൂണിറ്റ് അവാർഡ്

അംഗത്വ മാസാചരണത്തിന്റെ ഭാഗമായി ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർക്കുന്ന രൂപത-മേഖല-യൂണിറ്റ് എന്നീ സമിതികൾക്ക് സഭാതല സമിതിയുടെ പ്രത്യേക അവാർഡ് ബത്തേരിയിൽ വച്ച് നടക്കുന്ന അസംബ്ലിയിൽ വച്ച് നൽകുന്നതാണ്.

എല്ലാവരുടെയും സഹകരണം സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

ക്രിസ്തുവിൽ സ്നേഹാദരങ്ങളോടെ

| | | |
|---|---|---|
| **ഫാ. ജോൺ അരീക്കൽ** | **പി. പോൾ രാജ്** | **വി.സി ജോർജ്ജുകുട്ടി** |
| വൈദീകോപദേഷ്ടാവ് | പ്രസിഡന്റ് | ജന. സെക്രട്ടറി |

www.malankaralibrary.com

THE MALANKARA SYRIAN CATHOLIC MAJOR ARCHI EPISCOPAL CHURCH

# MALANKARA CATHOLIC ASSOCIATION (M.C.A.)

## THE LAITY MOVEMENT OF MALANKARA SYRIAN CATHOLIC CHURCH

## DIOCESE OF PUTTUR

Central Office : Shanthi Bhavana, Catholic Bishop's House, Panjala, Mundoor P. O., Puttur Tq. D. K., Karnataka - 574202
Ph : 08251-237548 Email : mcaputturdiocese@gmail.com

**Diocesan Spiritual Advisor**
Msgr. Dr. Eldho Puthenkandathil
9480387710

**President**
Mr. K.J Sajith Shivamogga
9886975137,9448255899

**General Secretary**
Mr. Thomas Mathew Noojibalthila
9448817527

**Vice President**
Mr. Rajith John Singasandra
9880730237

**Vice President**
Mrs. Elcy Thomas Josegiri
9880323572

**Secretary**
Mr. Money Mathew N. R. Pura
6363941347

**Secretary**
Mrs. Mini Kurian, Vimalagiri
7353617765

**Treasurer**
Mr. Roy Thomas Singasandra
9448173822

Circular No. : 06/2021-22 Date: 12-11-2022

Dear Rev. Fathers, Sisters, MCA Managing Committee Members, Regional leaders,

Prayerful greetings from MCA Diocese of Puttur!

With the Grace of God and strong support from each one of you, we have entered the final stage of our planned activities of 2021-22 term. Following are the list of programs or activities for your reference.

**1. Membership Drive :** MCA Central committee has initiated online membership campaign for Lifetime (Rs. 500/-) & Normal (Rs.20/- for two years) for all our Church members of age above 30 years. All the MCA members have to submit the details online by 30 November, 2022 and handover the membership fees to the Diocesan committee by 18 December, 2022.

**2. Family Quiz :** Diocesan level family Quiz is planned to be conducted in December 2022 in two phases. More details about this program will be shared separately.

**3. House Construction, Self Employment & Mission Support :** Diocesan committee has shortlisted the eligible family for house construction project from DK region and the construction has already started. Self employment support for Shivamogga region and mission support for Bangalore region are planned for December 2022. We expect your financial support and cooperation in all these initiatives so that we can complete all the planned programs.

**4. Annual assembly & Election for 2022-2023 MCA Team :**

a) Unit level: The annual assembly and election process has to be completed by 11December, 2022. Elective Posts: President, Vice-Presidents (one male, one female), Secretary, Joint Secretary (female), Treasurer, two nominees from each unit to Regional level (one male, one female)

b) Regional level: The annual assembly and election process has to be completed by 31December, 2022. Elective posts: President, Vice-Presidents (one male, one female), General Secretary, Secretaries (one male , one female), Treasurer, and two nominees (one male, one female) from each Region to the diocesan level.

Please share the details of all unit leaders, regional office bearers and the Diocesan nominees in the required format by 31 December, 2022 to the Diocesan committee.

c) Diocesan Assembly and Election: It's planned to complete Diocesan Assembly and Election by 15 January, 2023. Exact date and venue details will be shared sepa rately. Regional report and financial statements are to be presented in the Diocesan Assembly from all regions.

We request the full support and cooperation from everyone to make these programs successful.

*Wish you all a blessed Christmas and a very happy New Year in advance!*

| Msgr. Dr. Eldho Puthenkandathil | Sajith K. J. | Thomas Mathew |
|---|---|---|
| Spiritual Advisor | President | General Secretary |

www.malankaralibrary.com

# MCA SABHATHALA SAMITHI - MISSION VISIT-BAPATLA





www.malankaralibrary.com





www.malankaralibrary.com






www.malankaralibrary.com






www.malankaralibrary.com





www.malankaralibrary.com






www.malankaralibrary.com




മലങ്കര കാത്തലിക് അസോസിയേഷൻ (എംസിഎ) പാറശാല രൂപത സമിതിയുടെ ആഭിമുഖ്യത്തിൽ നടത്തിയ അല്മായ സമ്മേളനം പാറശാല രൂപതാ മെത്രാൻ ഡോ. തോമസ് മാർ യൗസേബിയോസ് ഉദ്ഘാടനം ചെയ്യുന്നു.

# മലങ്കര കാത്തലിക് അസോസിയേഷൻ അല്മായ സംഗമം

**തിരുവനന്തപുരം:** മലങ്കര കാത്തലിക് അസോസിയേഷൻ (എംസിഎ) പാറശാല രൂപത സമിതിയുടെ ആഭിമുഖ്യത്തിൽ ബാലരാമപുരം നസ്രത്ത് ഹോം സ്കൂളിൽ അല്മായ സമ്മേളനവും കർഷക സംഗമവും ഉദ്യോഗസ്ഥ സംഗമവും സംഘടിപ്പിച്ചു. അല്മായ സമ്മേളനം പാറശാല രൂപതാ മെത്രാൻ ഡോ. തോമസ് മാർ യൗസേബിയോസ് ഉദ്ഘാടനം ചെയ്തു. ഉദ്യോഗസ്ഥ സംഗമം ഫാ. തോമസ് കോയ്പ്പുറത്തും കർഷക സംഗമം രൂപതാ ഡയറക്ടർ ഫാ. തോമസ് പൊറ്റപുരയിടവും ഉദ്ഘാടനം ചെയ്തു: പങ്കെടുത്തവർക്ക് ഉദ്യോഗസ്ഥ, കർഷക അവാർഡുകൾ വിതരണം ചെയ്തു. രൂപതാ സമ്മേളനത്തിൽ സിസ്റ്റർ മേഴ്സി തോമസ് പതാക ഉയർത്തി. രൂപത പ്രസിഡന്റ് ധർമ്മരാജ് പിൻകുളം അധ്യക്ഷത വഹിച്ചു. രൂപത ജനറൽ സെക്രട്ടറി സബീഷ് പീറ്റർ തിരുവല്ലം, സഭാതല ഡയറക്ടർ ഫാ. ജോൺ അരീക്കൽ, സഭാതല പ്രസിഡന്റ് പോൾ രാജ് മാർത്താണ്ഡം, നിർമല സുപ്പീരിയർ ജനറൽ മദർ കാരുണ്യ ഡിഎം, ക്ഷേമ എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജോർജ് വെട്ടിക്കാട്ടിൽ, അഡ്വ. രാജയ്യൻ, സുമന ലാൽ, ജെസി ജോസ് തുടങ്ങിയവർ പ്രസംഗിച്ചു.


# പൊതുയോഗവും തെരഞ്ഞെടുപ്പും

**പാലോട്:** പെരിങ്ങമ്മല ശ്രീരാമവിലാസം എൻഎസ്എസ് കരയോഗത്തിൽ പൊതുയോഗവും തെരഞ്ഞെടുപ്പും നടത്തി. എൻഎസ്എസ് നെടുമങ്ങാട് താലൂക്ക് യൂണിയൻ പ്രസിഡന്റ് വി.എ. ബാബുരാജ് ഉദ്ഘാടനം ചെയ്തു. കെ. രാമചന്ദ്രൻ പിള്ള അധ്യക്ഷനായി. പി.എൻ. അരുൺ കുമാർ, സുരേഷ് കുമാർ, ശ്യാം കുമാർ, അനിൽകുമാർ തുടങ്ങിയവർ പ്രസംഗിച്ചു. ഭാരവാഹികൾ: മനോഹരൻ നായർ (പ്രസിഡന്റ്), അഭിജിത് ശേഖർ (സെക്രട്ടറി), സനൽ കുമാർ (ഖജാൻജി).

www.malankaralibrary.com




മലങ്കര കാത്തലിക് അസോസിയേഷൻ തിരുവനന്തപുരം വൈദിക ജില്ലയുടെ ആഭിമുഖ്യത്തിൽ ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് അനുസ്മരണം തിരുവനന്തപുരം മേജർ അതിഭദ്രാസന വികാരി ജനറാൾ പെരിയ ബഹു. ഫാ. വർക്കി ആറ്റുപുറത്ത്, നാലാഞ്ചിറ സ്നേഹ വീട്ടിൽ ഉദ്ഘാടനം നിർവ്വഹിച്ചു. (12.11.2022)
ജില്ലാ പ്രസിഡന്റ് മുരളീദാസ് കീഴതിൽ അദ്ധ്യക്ഷനായിരുന്നു. ഫാ. ജെയിംസ് മാത്യൂ അനുഗ്രഹപ്രഭാഷണവും സഭാതല കമ്മിറ്റി അംഗം റെജിമോൻ വർഗ്ഗീസ്, ഫാ. ജോർജ് ജോഷ്വ കണ്ണിലേത്ത് എന്നിവർ ആശംസ പ്രസംഗവും നടത്തി പ്രദീപ് ജോർജ് സ്വാഗതവും അജിതകുമാരി നന്ദിയും അർപ്പിച്ചു.



www.malankaralibrary.com



എം സി എ റാന്നി മേഖല യൂണിറ്റുകളുടെ സഹകരണത്തോടെ ശാലോം കാരുണ്യഭവൻ സന്ദർശിച്ചു



www.malankaralibrary.com




മലങ്കര കാത്തലിക് അസോസിയേഷൻ നിരണം മേഖല സമിതി വിഴിഞ്ഞം സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചു പ്രതിഷേധയോഗം സംഘടിപ്പിച്ചു. ജീവനും സ്വത്തും സംരക്ഷിക്കുവാൻ ഒരു ജനത നടത്തുന്ന പോരാട്ടത്തിന് രാജ്യത്തെ മുഴുവൻ ജനങ്ങളുടെയും പിന്തുണ ഉണ്ടാകണമെന്ന അഭ്യർത്ഥനയും, മലങ്കര കാതലിക് അസോസിയേഷന്റെ പിന്തുണയും യോഗത്തിൽ രേഖപ്പെടുത്തി. മേഖല വൈദിക ഉപദേഷ്ടാവ് ഫാ. എബ്രഹാം പ്രസാദ് ഉദ്ഘാടനം നിർവഹിച്ചു. ഫാ. അലക്സ് കണ്ണമല, ജോജി വിഴലിൽ, വിനോദ് വർഗീസ്, ബെന്നി സ്കറിയ, ഐസക്ക് സിഎം, സുനിൽ മണലേൽ, ജേക്കബ് ജോർജ്, ജോർജ്കുട്ടി പുന്നൂസ്, തോംസൺ മട്ടയ്ക്കൽ, ജോർജ് വർഗീസ്, തങ്കച്ചൻ പാക്കത്തിൽ, അനൂപ് മട്ടയ്ക്കൽ എന്നിവർ പ്രസംഗിച്ചു.

## DIOCESAN NEWS



www.malankaralibrary.com

പ്രിയമുള്ളവരെ,

എംസിഎ സഭാതല സമിതിയുടെ പ്രത്യേക നിർദ്ദേശം അനുസരിച്ച് നമ്മുടെ രൂപതയിലും MCA അംഗത്വ വിതരണം ആരംഭിച്ചിരിക്കുന്നു. നമ്മുടെ രൂപതയിൽ 30 വയസിന് മുകളിലുള്ള എല്ലാവർക്കും
MCA യുടെ ലൈഫ് മെമ്പർഷിപ്പ് അല്ലെങ്കിൽ ഓർഡിനറി മെമ്പർഷിപ്പ് നവംബർ 30 ന് മുമ്പ് വിതരണം ചെയ്യുവാൻ ഇടവക/ റീജിയൻ/ രൂപത തലങ്ങളിലുള്ള സമിതികൾ പ്രത്യേകം ശ്രദ്ധിക്കണം. ഗൂഗിൾ ഫോം വഴിയും അംഗത്വം എടുക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. ഗൂഗിൾ ഫോമിന്റെ ലിങ്ക് ഇതിനോടൊപ്പം അയക്കുന്നു. എല്ലാ സമിതികളും ഈ ദൗത്യം ഏറ്റെടുത്ത് വിജയിപ്പിക്കണമെന്ന് ഏറ്റവും സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

ലൈഫ് മെമ്പർഷിപ് ഫീസ് Rs.500/-യും ഓർഡിനറി മെമ്പർഷിപ് ഫീസ് Rs.20/- യുമാണ്. അത് നേരിട്ട് MCA Gurgaon Diocese account ൽ ഇടുകയോ MCA യൂണിറ്റ് President/Secretary/Treasurer എന്നിവർക്ക് നൽകുകയോ ചെയ്യാം. ലൈഫ് മെമ്പർഷിപ്പിനുള്ള പാസ്പോർട്ട് size ഫോട്ടോ യൂണിറ്റ് ഭാരവാഹികൾ collect ചെയ്ത് Diocesan General Secretary യുടെ പേരിൽ അയച്ചു നൽകേണ്ടതാണ്.

2023-24 പ്രവർത്തന വർഷത്തേക്കുള്ള ഭാരവാഹികളുടെ തെരെഞ്ഞെടുപ്പ്.

നമ്മുടെ രൂപതയിലെ എല്ലാ യൂണിറ്റുകളിലും അസംബ്ളിയും തെരഞ്ഞെടുപ്പും നവംബർ/ ഡിസംബർ മാസത്തിലും, മൂന്ന് റീജിയൻ (Delhi / Bhopal / Odisha) അസംബ്ളിയും തിരഞ്ഞെടുപ്പും 2023 ജനുവരി മാസം 15 ന് മുമ്പും നടത്തുന്നതാണ്.

2023 ജനുവരി മാസം 29-ാം തീയതി ഞായറാഴ്ച ഡൽഹിയിൽ വച്ച് രൂപതാതല അസംബ്ലിയും ഭാരവാഹികളുടെ തിരഞ്ഞെടുപ്പും നടത്തുന്നതിനുള്ള അനുവാദം നമ്മുടെ രൂപതാ അദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് പിതാവിൽ നിന്ന് ലഭിച്ചിട്ടുണ്ട്. അന്നേ ദിവസം അഭിവന്ദ്യ പിതാവിന്റെ മഹനീയ സാന്നിധ്യം നമ്മോടൊപ്പം ഉണ്ടാകുമെന്ന് ഏറ്റവും സന്തോഷത്തോടെ അറിയിച്ചിട്ടുണ്ട്.

MCA സഭാതല അസംബ്ലി 2023 ഫെബ്രുവരി മാസം 11, 12 തീയതികളിൽ ബത്തേരിയിൽ വച്ചാണ് നടത്തപ്പെടുന്നത്. നമ്മുടെ രൂപതയിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഭാരവാഹികളും സഭാതല മാനേജിംഗ് കമ്മിറ്റിയിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന വരും ഉൾപ്പെടുന്ന അസംബ്ലി മെമ്പേഴ്സ് സഭാതല അസംബ്ലിയിൽ പങ്കെടുക്കണം.

MCA ഭരണഘടന അനുശാസിക്കുന്നതനുസരിച്ച് എല്ലാ സമിതികളിലും കുറഞ്ഞത് 30% വനിതാ പ്രാധിനിധ്യം ഉറപ്പായും ഉണ്ടായിരിക്കേണ്ടതാണ്.

ഈ അംഗത്വ വിതരണ യജ്ഞവും, തിരഞ്ഞെടുപ്പ് പ്രക്രിയയും തുടർന്ന് വരുന്ന അസംബ്ലികളും എറ്റവും ദൈവാനുഗ്രഹപ്രദമായി നടത്തപ്പെടുവാൻ ഏവരുടെയും ആത്മാർത്ഥമായ സഹകരണവും പ്രാർത്ഥനയും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.


എന്ന്
രൂപത സമതിക്കുവേണ്ടി

**Fr.Jose Kuntharayil** **Reji Thomas** **Sabu Samuel**

(Spiritual Adviser) (President) (General Secretary)

www.malankaralibrary.com



www.malankaralibrary.com



ഗുരുഗ്രാം രൂപത മലങ്കര കാത്തലിക് അസോസിയേഷൻ(ഡൽഹി റീജനൽ) സംഘടിപ്പിച്ച, 'ആർച്ച് ബിഷപായിരുന്ന ബനഡിക്ട് മാർ ഗ്രിഗോറിയോസ്, മലങ്കര സഭ കോഓർഡിനേറ്ററായിരുന്ന ബർക്കുമാൻസ് എന്നിവരുടെ അനുസ്മരണ സമ്മേളനം' ഫാ.യേശുദാസ് ഉദ്ഘാടനം ചെയ്യുന്നു. വൽസമ്മ സൈമൺ, ഷാജി ജോൺ, ഫാ.ജോൺ ഫെലിക്സ്, എ.ഡി.വർഗീസ്, കെ.കെ.ജയിംസ്, പി.കെ.കുഞ്ഞുമോൻ, സാബു സാമവേൽ എന്നിവർ സമീപം.



www.malankaralibrary.com

## ഭാഗ്യസ്മാരണാർഘനായ അഭിവന്ദ്യ ബെനഡിക് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെയും, പെരിയ ബഹു. റവ. ഫാ. ബർക്കുമാനച്ചന്റെയും അനുസ്മരണ സമ്മേളനം നടത്തി



ഗുഡഗാവ് രൂപത മലങ്കര കാത്തലിക് അസോസിയേഷൻ (ഡൽഹി റീജിയൻ) **സംഘടിപ്പിച്ച** ഭാഗ്യസ്മാരണാർഘനായ അഭിവന്ദ്യ ബെനഡിക് മാർ തിരുമേനിയുടെയും, പെരിയ ബഹു. റവ. ഫാ. ബർക്കുമാനച്ചന്റെയും **അനുസ്മരണ സമ്മേളനത്തിൽ** നിന്ന്

**ഇടത് റവ. ഫാ. യേശുദാസ് ഒ.ഐ.സി, ശ്രീമതി വൽസമ്മ സൈമൺ, ശ്രീ. ഷാജി ജോൺ, റവ ഫാ. ജോൺ ഫെലിക്സ്, ശ്രീ. എ. ഡി. വർഗീസ്, ശ്രീ. കെ.കെ. ജെയിംസ്, ശ്രീ. പി. കെ കുത്തുമോൻ, ശ്രീ. സാബു സാമവേൽ എന്നിവർ**

മലങ്കര കാത്തലിക് അസോസിയേഷൻ ഡൽഹി റീജിയന്റെ നേതൃത്വത്തിൽ ഭാഗ്യസ്മാരണാർഘനായ അഭിവന്ദ്യ ബെനഡിക് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെയും, ബാഹ്യകേരള മലങ്കര സഭയുടെ കോർഡിനേററുമായിരുന്ന പെരിയ ബഹു. റവ. ഫാ. ബർക്കുമാനച്ചന്റെയും അനുസ്മരണ സമ്മേളനം മയൂർ വിഹാർ സെന്റ് ജോർജ്ജ് മലങ്കര ദേവാലയത്തിൽ വെച്ച് നടത്തപ്പെട്ടു. രാവിലെ വികാരി റവ. ഫാ. യേശുദാസ് ഒ.ഐ.സിയുടെ മുഖ്യ കാർമ്മികത്വത്തിൽ വിശുദ്ധ ബലിയും, റവ ഫാ. ജോൺ ഫെലിക്സിന്റെ കാർമ്മികത്വത്തിൽ ധൂപ പ്രാർത്ഥനയും അർപ്പിച്ചു. തുടർന്ന് നടന്ന അനുസ്മരണ സമ്മേളനം എം സി എ ഡൽഹി റീജിയണൽ പ്രസിഡന്റ് ശ്രീ. പി. കെ കുത്തുമോന്റെ അദ്ധ്യക്ഷതയിൽ സമ്മേളനം എം സി എ ഡൽഹി റീജിയൻ ആത്മീയ ഉപദേഷ്ടവ് റവ ഫാ. ജോൺ ഫെലിക്സ ഉത്ഘാടനം ചെയ്തു. അഭിവന്ദ്യ ബെനഡിക് മാർ ഗ്രിഗോറിയോസ് അനുസ്മരണ മുഖ്യപ്രഭാഷണം വികാരി റവ. ഫാ. യേശുദാസ് ഒ.ഐ.സിയും, റവ. ഫാ. ബർക്കുമാനച്ചൻ അനുസ്മരണ മുഖ്യപ്രഭാഷണം ഫാ. ജോൺ ഫെലിക്സും നിർവ്വഹിച്ചു എം. സി. എ. ഡൽഹി റീജിയണൽ ജനറൽ സെക്രട്ടറി ശ്രീ. ഷാജി ജോൺ, എം സി എ രൂപത ജനറൽ സെക്രട്ടറി ശ്രീ. സാബു സാമവേൽ എം..സി.എ. സഭാതല സെക്രട്ടറി ശ്രീമതി വൽസമ്മ സൈമൺ എന്നിവർ സംസാരിച്ചു. മയൂർ വിഹാർ സെന്റ് ജോർജ്ജ് മലങ്കര ദേവാലയ എം സി എ പ്രസിഡന്റ് ശ്രീ. എ. ഡി. വർഗീസ് സ്വാഗതവും ശ്രീ. കെ.കെ. ജെയിംസ് നന്ദിയുമർപ്പിച്ചു.

www.malankaralibrary.com




**HOLY LAND VISIT – MCA GURGAON DIOCESE & KHADKI PUNE DIOCESE**



Departure from Delhi Airport

www.malankaralibrary.com





www.malankaralibrary.com



Members of Gurgaon Diocese



Members of Pune-Khadki

www.malankaralibrary.com



Near Jerusalem Old Temple



Entire Team of 92 members

www.malankaralibrary.com



www.malankaralibrary.com





www.malankaralibrary.com



Way of Cross @ Gogulta



www.malankaralibrary.com



**MCA- NEWLY ELECTED MEMBERS**



**Newly elected MCA Jasola Unit Members**
**President Manoj Thomas, Vice presidents Thampy N S, Valsamma Moni General Secretary Simon M S Joint Secretary's Biju George, Christina Manu, Treasurer Reji Varghese Executive Members Adv. Abraham M Pattiyani, Valsamma Simon**

www.malankaralibrary.com



**ST.THOMAS MALANKARA CATHOLIC CHURCH BHOPAL**
**MCA ELECTED EXECUTIVE MEMBERS**

**PRESIDENT : ABRAHAM THOMAS**
**VICE PRESIDENT : JOHNSON MADAPPALLY**
**ALEYAMMA ANDREWS**
**SECRETARY : ROY EAPEN**
**JOINT.SECRETARY: ELIZABETH BENNY**
**TREASURER OOMMEN T.A.**
**EXECUTIVE MEMBERS: JOHN CHERIAN & Y.SHAJI**

www.malankaralibrary.com



**Burari St. Alphonsa Malankara Catholic Church- MCA elected members**
**President :Claramma Shaji, Gen Secretary :Biji Varghese, Treasurer: Sheeba Mathew,**
**Executive Members : Shaji John, and Suja Samuel**



www.malankaralibrary.com

**ST.MARY'S MALANKARA CATHOLIC CHURCH FARIDABAD**
**MCA ELECTED EXECUTIVE MEMBERS**
**PRESIDENT: Mr. Saji Oommen , VICE PRESIDENT : Mr. Sabu Iducala, SECRETARY: Mrs. Kunjukunjamma Varghese, JT.SECRETARY: Mr. Lijo George, TREASURERMr. Philip G .**
**EXECUTIVE MEMBERS**
**1. Mr. Raju Varghese.,2. Mrs. Leena Binu, 3. Mrs. Sindhu Sunny**

## JAIPUR

സഭൈക്യത്തിന്റെ അപ്പസ്തോലൻ, അഭിവന്ദ്യ പൗലോസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തയുടെ സ്മരണാർത്ഥം സോഡാലാ, മാർ പീലക്സിനോസ് പ്രാർത്ഥന ഗ്രൂപ്പിന്റെ നേതൃത്വത്തിൽ നടന്ന അനുസ്മരണ യോഗം കുർബാനക്ക് ശേഷം വളരെ ഭംഗിയായി നടത്തപ്പെട്ടു. പ്രാർത്ഥനഗാനം, ജീവചരിത്രം, കവിത, സമൂഹഗാനം എന്നിവ ഭക്തിപൂർവമായി അവതരിപ്പിക്കുകയും, ഇടവക വികാരി ബഹുമാനപ്പെട്ട സാബി അച്ചൻ സമാപന പ്രസംഗം നടത്തുകയും ചെയ്തു.



www.malankaralibrary.com





www.malankaralibrary.com



## ECCLESIASTICAL NEWS

### ഡോ. ജോസ് മരിയദാസ് ഒ.ഐ.സി.യ്ക്ക് വചനസർഗപ്രതിഭാ പുരസ്കാരം

ഈ വർഷത്തെ കെ.സി.ബി.സി. ബൈബിൾ സൊസൈറ്റിയുടെ വചന സർഗപ്രതിഭാ പുരസ്കാരം റവ.ഡോ. ജോസ് മരിയദാസ് ഒ.ഐ.സി.യ്ക്ക്. 'ചിന്തേര്' എന്ന നോവലിനാണ് അവാർഡ്. ഡോ. ഷെവലിയാർ പ്രീമുസ് പെരിഞ്ചേരി, പ്രൊഫ. സി. തെരേസ് ആലഞ്ചേരി, ഡോ. ജോൺസൺ പുതുശ്ശേരി എന്നിവരടങ്ങിയ ജൂറിയാണ് അവാർഡ് നിർണയം നടത്തിയത്.

സുവിശേഷ വിവരണങ്ങളുമായി സമരസപ്പെടുത്തി, ജോനാഥൻ എന്ന കഥാപാത്രത്തിലൂടെ ഉദാത്തമായ ജീവിതദർശനങ്ങളിലേക്ക് വായനക്കാരനെ നയിക്കുന്ന ഹൃദയഹാരിയായ നോവലാണ് 'ചിന്തേര്'.

തത്വശാസ്ത്രത്തിൽ ഡോക്റ്ററേറ്റ് കരസ്ഥമാക്കിയിട്ടുള്ള തിരുവല്ലയിൽനിന്നുള്ള ഗ്രന്ഥകർത്താവ് ഇംഗ്ലീഷിലും മലയാളത്തിലും പത്തിലധികം പുസ്തകങ്ങൾ എഴുതിയിട്ടുണ്ട്.

മലയാള സാഹിത്യമേഖലക്ക് 2022ലെ ഒരു ക്രിസ്തീയ സംഭാവനയാണ് ചിന്തേര്. എഴുത്തുകാരനും ദാർശനികനുമായ ഡോ. ജോസ് മരിയദാസിന്റെ പതിമൂന്നാമത്തെ പുസ്തകമാണ്, 'ചിന്തേര്'.

ബിഷപ്പ് ജോർജ് പുന്നക്കോട്ടിൽ പിതാവിന്റെ പേരിലുള്ള ഈ പുരസ്കാരം നവംബർ 20ന് ലോഗോസ് ഗ്രാന്റ്ഫിനാലെ അവാർഡ് സെറിമണിയിൽവച്ച് നൽകുമെന്ന് ബൈബിൾ കമ്മീഷൻ സെക്രട്ടറി ഡോ. ജോജു കോക്കാട്ട് അറിയിച്ചു.

www.malankaralibrary.com

**Kerala Catholic Bishops' Council (KCBC)**
Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815, Fax: +91-484-2806214
E-mail : deputysecretarykcbc@gmail.com, www.kcbcsite.com

All Kerala Press Release 01.11.2022
*Ref: 875/KCBC/K-6/KPR/DS*

## കേരളസഭ പരിശുദ്ധ കന്യകാമറിയത്തിനു സമർപ്പിതം: കാർഡിനൽ മാർ ജോർജ് ആലഞ്ചേരി

കൊച്ചി : പരിശുദ്ധ ഫ്രാൻസിസ് പാപ്പാ ആഹ്വാനം ചെയ്ത സിനഡാത്മക സഭ യാഥാർത്ഥ്യമാക്കപ്പെടുന്നതിന് ഒരുമിച്ചു നടക്കുന്ന പ്രക്രിയ ശക്തമാക്കപ്പെടണം. സഭയെന്നാൽ മാമ്മോദീസാ സ്വീകരിച്ച എല്ലാവരുടേയും സജീവമായ ഒത്തുചേരലാണ്. ഒരുതരത്തിലുമുള്ള വേർതിരുവുകൾ ഈ കൂട്ടായ്മയിൽ ഉണ്ടാകുന്നില്ല. ആരും മുന്നിലുമല്ല പിന്നിലുമല്ല; ഒരുമിച്ചാണ് നടക്കുന്നത്. നമ്മെ നയിക്കുന്നതാകട്ടെ യേശുക്രിസ്തുവും. എമ്മാവൂസിലേക്കുപോയ ശിഷ്യന്മാരോടൊപ്പം നടന്ന് അവരെ ദൈവികരഹസ്യങ്ങളിലേക്ക് ആഴത്തിലിറങ്ങാൻ സഹായിച്ചതുപോലെ തന്നെയാണ് ഈ കാലഘട്ടത്തിൽ നമ്മോടൊപ്പം നടക്കുന്ന ഈശോയും നമ്മെ പ്രേരിപ്പിക്കുന്നത്. അതിനാൽ സർവതല സ്പർശിയായ മാനസാന്തരത്തിലൂടെ വ്യക്തികളുടെ ജീവിതത്തിൽ നവീകരണം സാധ്യമാകുന്നതുവഴി സഭയിലാകമാനം പുതുചൈതന്യം നിറയ്ക്കാൻ നമുക്കു കഴിയും. പരിശുദ്ധ കന്യകാമറിയം ഈശോയെ ലോകത്തിനു നല്കുക മാത്രമല്ല അവിടത്തോടൊപ്പം രക്ഷാകര യാത്രയിൽ പങ്കാളിയായിക്കൊണ്ട് ക്രിസ്തുവിന്റെ സഹനത്തെ തന്റേതുകൂടിയായി പരിണമിപ്പിക്കുകയാണ് ചെയ്തത്. അപ്രകാരം ക്രിസ്തുവിന്റെ സഹനത്തിൽ നമുക്കും പങ്കുകാരാകാം എന്ന് അമ്മ പഠിപ്പിച്ചു. മാതാവിന്റെ വിമലഹൃദയത്തിന് കേരളസഭയെ പ്രതിഷ്ഠിക്കുമ്പോൾ കേരളസഭയ്ക്ക് അമ്മയുടെ സംരക്ഷണം ലഭിക്കുന്നു എന്ന് മാത്രമല്ല അമ്മയെപ്പോലെ ക്രിസ്തുരഹസ്യത്തിന്റെ ഭാഗഭാക്കുകളായി തീരുന്നതിനും നമുക്കു കഴിയും. ഈ നവീകരണകാലം നമ്മെ സംബന്ധിച്ചിടത്തോളം പരിശുദ്ധ കന്യകാമറിയത്തോടൊപ്പമുള്ള ക്രിസ്ത്വാനുകരണമായി ഭവിക്കട്ടെ യെന്ന് കെസിബിസിയുടെ ആഭിമുഖ്യത്തിൽ കേരളസഭാ നവീകരണാചരണത്തിന്റെ ഭാഗമായുള്ള വിമല ഹൃദയ പ്രതിഷ്ഠ പാലാരിവട്ടം പിഒസിയിൽ ഇന്നലെ നടത്തിക്കൊണ്ട് കെസിബിസി പ്രസിഡന്റ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പ്രസ്താവിച്ചു. കോഴിക്കോട്, കൊടുങ്ങല്ലൂർ, തിരുവനന്തപുരം എന്നിവിടങ്ങളിൽ നിന്നുള്ള ദീപശിഖകൾക്കു ആദ്യമേ സ്വീകരണം നൽകി. കേരള സഭാനവീകരണം ചെയർമാൻ ബിഷപ് സാമുവൽ മാർ ഐറേനിയൂസ് ദീപശിഖ ക്യാപ്റ്റന്മാരെ പൊന്നാടയണിയിച്ച് ആദരിച്ചു. തുടർന്നു നടന്ന ആഘോഷമായ പൊന്തിഫിക്കൽ ദിവ്യബലിയിൽ ആർച്ച്ബിഷപ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ മുഖ്യകാർമികത്വം വഹിച്ചു.

കർദിനാൾ മാർ ജോർജ് ആലഞ്ചേരി, ബിഷപ് മാർ ഐറേനിയോസ്, കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറൽ ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി കെആർഎൽസിബിസി ഡെപ്യൂട്ടി സെക്രട്ടറി ഫാ. തോമസ് തറയിൽ തുടങ്ങിയവർ സഹകാർമികരായി.

പ്രോഗ്രാം കോ ഓർഡിനേറ്റർ റവ. ഡോ. സ്റ്റാൻലി മാതിരപ്പിള്ളി നന്ദി പറഞ്ഞു.

ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ/ഔദ്യോഗിക വക്താവ്, കെസിബിസി
ഡയറക്ടർ, പിഒസി.

www.malankaralibrary.com

**Kerala Catholic Bishops' Council (KCBC)**
Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815, Fax: +91-484-2806214
E-mail : deputysecretarykcbc@gmail.com, www.kcbcsite.com

All Kerala Press Release — 28 11.2022

*Ref: 876/KCBC/K-6/KPR/DS*

# കെസിബിസി മതാധ്യാപക അവാർഡുകൾ പ്രഖ്യാപിച്ചു

കൊച്ചി: വിശ്വാസപരിശീലനരംഗത്ത് നിസ്തുലമായ സേവനങ്ങൾ നല്കിയിട്ടുള്ള മതാധ്യാപകർക്കായി കേരള കത്തോലിക്കാ മെത്രാൻ സമിതി ഏർപ്പെടുത്തിയിട്ടുള്ള 2022-ലെ അവാർഡു ജേതാക്കളെ പ്രഖ്യാപിച്ചു. അവാർഡ് ജേതാക്കൾ തൃശ്ശൂർ അതിരൂപതയിലെ ലൂർദ് കത്തീഡ്രൽ ഇടവകാംഗമായ ഡോ. ഇഗ്നാത്തിയോസ് ആന്റണി, പുനലൂർ രൂപതയിലെ കടമ്പനാട് ലൂർദ് മാതാ കാത്തോലിക്കാ പള്ളി ഇടവകാംഗമായ ശ്രീമതി ജോസഫി എ, മൂവാറ്റുപുഴ രൂപതയിലെ കാഞ്ഞിക്കുളം ഹോളി ഫാമിലി മലങ്കര കത്തോലിക്കാ പള്ളി ഇടവകാംഗമായ ശ്രീ. ബിനോയ് വർഗീസ് എന്നിവരാണ്.

കേരളസഭയിലെ മതബോധനരംഗത്ത് പ്രശംസനീയമായ സംഭാവനകൾ നല്കി കടന്നു പോയ ഫാദർ മാത്യു നടയ്ക്കലിന്റെ ജന്മശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി നടയ്ക്കൽ കുടുംബാംഗങ്ങളും കെസിബിസിയും സംയുക്തമായി ഏർപ്പെടുത്തിയതാണ് കെസിബിസി മതാധ്യാപക അവാർഡുകൾ. 2022 ഡിസംബർ 5-ാം തീയതി തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 2.30-ന് പാലാരിവട്ടം പിഒസിയിൽ നടക്കുന്ന സമ്മേളനത്തിൽ വച്ച് കെസിബിസി പ്രസിഡന്റ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി അവാർഡു സമർപ്പണം നടത്തുന്നതാണ്.

**ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, ഔദ്യോഗികവക്താവ്, കെ.സി.ബി.സി./
ഡയറക്ടർ, പി.ഒ.സി.

www.malankaralibrary.com

All Kerala Press Release  28 11.2022

*Ref: 876/KCBC/K-6/KPR/DS*

# കെസിബിസി മതാധ്യാപക അവാർഡുകൾ പ്രഖ്യാപിച്ചു

കൊച്ചി: വിശ്വാസപരിശീലനരംഗത്ത് നിസ്തുലമായ സേവനങ്ങൾ നല്കിയിട്ടുള്ള മതാധ്യാപകർക്കായി കേരള കത്തോലിക്കാ മെത്രാൻ സമിതി ഏർപ്പെടുത്തിയിട്ടുള്ള 2022-ലെ അവാർഡു ജേതാക്കളെ പ്രഖ്യാപിച്ചു. അവാർഡ് ജേതാക്കൾ തൃശ്ശൂർ അതിരൂപതയിലെ ലൂർദ് കത്തീഡ്രൽ ഇടവകാംഗമായ ഡോ. ഇഗ്നാത്തിയോസ് ആന്റണി, പുനലൂർ രൂപതയിലെ കടമ്പനാട് ലൂർദ് മാതാ കാത്തോലിക്കാ പള്ളി ഇടവകാംഗമായ ശ്രീമതി ജോസഫി എ, മൂവാറ്റുപുഴ രൂപതയിലെ കാഞ്ഞിക്കുളം ഹോളി ഫാമിലി മലങ്കര കത്തോലിക്കാ പള്ളി ഇടവകാംഗമായ ശ്രീ. ബിനോയ് വർഗീസ് എന്നിവരാണ്.

കേരളസഭയിലെ മതബോധനരംഗത്ത് പ്രശംസനീയമായ സംഭാവനകൾ നല്കി കടന്നു പോയ ഫാദർ മാത്യു നടയ്ക്കലിന്റെ ജന്മശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി നടയ്ക്കൽ കുടുംബാംഗങ്ങളും കെസിബിസിയും സംയുക്തമായി ഏർപ്പെടുത്തിയതാണ് കെസിബിസി മതാധ്യാപക അവാർഡുകൾ. 2022 ഡിസംബർ 5-ാം തീയതി തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 2.30-ന് പാലാരിവട്ടം പിഒസിയിൽ നടക്കുന്ന സമ്മേളനത്തിൽ വച്ച് കെസിബിസി പ്രസിഡന്റ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി അവാർഡു സമർപ്പണം നടത്തുന്നതാണ്.

**ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, ഔദ്യോഗികവക്താവ്, കെ.സി.ബി.സി./
ഡയറക്ടർ, പി.ഒ.സി.



Josephy A, Punalur



Dr. Ignatius Antony, Trichur



Binoy Varghese, Muvattupuzha

www.malankaralibrary.com

No. 0005/2015/PL Dated: 31.07.2015 Latin Archdiocese of Trivandrum, Vellayambalam

# വിഴിഞ്ഞം വാണിജ്യ തുറമുഖ പദ്ധതി

ദൈവത്തിനു സ്തുതി!
ദൈവജനത്തിന് സമാധാനം!

വന്ദ്യ വൈദികരേ, പ്രിയമക്കളേ,

വിഴിഞ്ഞത്ത് ഒരു വൻകിട വാണിജ്യ തുറമുഖം നിർമിച്ച് പ്രവർത്തിപ്പിക്കാൻ വേണ്ടി കേരള സർക്കാർ നടപടികളുമായി മുന്നോട്ടുപോവുകയാണല്ലോ. ഒരു സ്വപ്ന പദ്ധതിയായി വിശേഷിപ്പിച്ചുകൊണ്ട് അനന്തമായ വികസന സാദ്ധ്യതയാണ് ഈ പദ്ധതിമൂലം തെക്കൻ കേരളത്തിൽ ഉണ്ടാകാൻ പോകുന്നതെന്ന് കേരളത്തിലെ ഭൂരിഭാഗം ജനങ്ങളും വിശ്വസിക്കുകയും ചെയ്യുന്ന ഒരു പശ്ചാത്തലമാണ് ഇന്നുള്ളത്. പദ്ധതിക്ക് അനുകൂലമായ ഒരു നിലപാടാണ് അതിരൂപത ആദ്യംമുതലേ പുലർത്തിയത്. എന്നാൽ പ്രസ്തുത പദ്ധതി മത്സ്യത്തൊഴിലാളികളെ പ്രതികൂലമായി ബാധിക്കരുതെന്നും തീരദേശവാസികളുടെയും മത്സ്യത്തൊഴിലാളികളുടെയും ആശങ്കകൾ പരിഹരിച്ചുവേണം മുന്നോട്ടുപോകുവാനെന്നും ശക്തമായ നിലപാടുമായിട്ടാണ് നാം സർക്കാരിനെയും തുറമുഖ അധികൃതരേയും സമീപിച്ചത്. തയ്യാറാക്കപ്പെട്ട പ്ലാൻപ്രകാരം ഈ തുറമുഖം നിർമ്മിച്ചാൽ തിരുവനന്തപുരം ജില്ലയിലെ തീരപ്രദേശങ്ങളിൽ വസിക്കുന്നവർക്ക് ഉണ്ടാകാൻ ഇടയുള്ള പ്രശ്നങ്ങൾ നിരവധിയാളുകളും സംഘടനകളും ഏറെക്കാലമായി ബന്ധപ്പെട്ട അധികൃതരുടെ മുമ്പിൽ ഉന്നയിച്ചിട്ടുണ്ടെങ്കിലും അതെല്ലാം അവഗണിച്ച് ഏകപക്ഷീയമായി സർക്കാർ നീങ്ങുകയാണ്.

ഈ സാഹചര്യത്തിൽ തുറമുഖപദ്ധതി സംബന്ധിച്ച് തീരദേശവാസികൾ ഉന്നയിക്കുന്ന ആശങ്കകളും കാതലായ പ്രശ്നങ്ങളും സമൂഹമദ്ധ്യത്തിൽ അവതരിപ്പിക്കാനും വസ്തുതകൾ ബോധ്യപ്പെടുത്തുവാനുമാണ് ഈ ഇടയലേഖനത്തിലൂടെ ഞാൻ ശ്രമിക്കുന്നത്.

വികസന പദ്ധതികൾ നടപ്പിലാക്കുമ്പോൾ പരിസ്ഥിതി സംരക്ഷണം കാതലായ ഒരു വിഷയമായിമാറുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. വികസന പദ്ധതികൾ നടപ്പിലാക്കുമ്പോൾ രണ്ടുകാര്യങ്ങൾ നാം മനസ്സിലാക്കേണ്ടതുണ്ട്. ഒന്ന്, ഇതിന്റെ ഗുണഭോക്താക്കൾ ആര്? ഇതുകൊണ്ട് നഷ്ടം സംഭവിക്കുന്നത് ആർക്കൊക്കെ? എന്നിവയാണ്. "വികസന പ്രക്രിയകൾ" ഏറ്റവുമധികം ദോഷകരമായി ബാധിച്ചിട്ടുള്ളത് ഈ രാജ്യത്തിലെ പാർശ്വവത്ക്കരിക്കപ്പെട്ട ആദിവാസി, ദളിത്, മത്സ്യത്തൊഴിലാളി, ചെറുകിട കൃഷിക്കാർ എന്നിവരെയൊക്കെയാണ് എന്നകാര്യം നമുക്കറിവുള്ളതാണ്. ഇതിന്റെ പ്രയോജനം ഇവിടെയുള്ള സമ്പന്നവിഭാഗങ്ങൾക്കാണെന്നകാര്യവും നാം വിസ്മരിക്കരുത്. കഴിഞ്ഞ കാൽനൂറ്റാണ്ട് കാലമായി പുത്തൻ സാമ്പത്തിക നയങ്ങൾ ആഗോളവത്ക്കരണത്തിന്റെ പേരിൽ നടപ്പിലാക്കുമ്പോൾ ഇവിടെയുള്ള സമ്പന്നവിഭാഗം കൂടുതൽ സമ്പന്നവും പാർശ്വവത്ക്കരിക്കപ്പെട്ട വിഭാഗങ്ങൾ കൂടുതൽ ദരിദ്രരുമായി മാറുന്നുവെന്ന ചരിത്ര യാഥാർഥ്യത്തിന്റെ മുന്നിലാണ് നാം. പാരിസ്ഥിതിക പ്രശ്നങ്ങൾ ഏറ്റവും കൂടുതൽ പ്രതികൂലമായി ബാധിക്കുന്നത് ഈ വിഭാഗങ്ങളെയാണെന്ന കാര്യവും ഇതോട് ചേർത്ത് നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു.

ഫ്രാൻസിസ് പാപ്പായുടെ പരിസ്ഥിതിയെ സംബന്ധിച്ച ചാക്രികലേഖനത്തിലെ ഒരു പരാമർശം ഏറെ പ്രസക്തമാണ്. പരിസ്ഥിതിയോടുള്ള സമഗ്രമായ കാഴ്ചപ്പാടാണ് ഇന്നാവശ്യമായിരിക്കുന്നത്. തൊഴിൽ, കുടുംബം, ജീവിതം എന്നിവയുമായി ബന്ധപ്പെട്ടതാണ് പാരിസ്ഥിതികപ്രശ്നങ്ങൾ. മാനവ ഐക്യത്തിനും സാമൂഹിക ബന്ധങ്ങൾക്കും എതിരായ ഓരോ നീക്കവും പരിസ്ഥിതിയെ ഉപദ്രവിക്കുന്നതാണ്. സാമ്പത്തിക ലാഭനഷ്ടങ്ങളുടെ വെളിച്ചത്തിൽ പരിസ്ഥിതി സംരക്ഷണം നടപ്പിലാക്കാൻ സാധിക്കുകയില്ല. വാണിജ്യ വ്യവസായ ശക്തികൊണ്ടുമാത്രം പ്രകൃതിയെ നമുക്ക് സംരക്ഷിക്കാനാവില്ല. കമ്പോള ക്രയവിക്രയം കൊണ്ട് സംരക്ഷിക്കാനോ പരിരക്ഷിക്കാനോ സാധിക്കാത്ത ഒന്നാണ് പരിസ്ഥിതിയെന്നും പാപ്പാ സമർഥിക്കുന്നു. ഈ പശ്ചാത്തലത്തിലാണ് വിഴിഞ്ഞത്ത് ഇപ്പോൾ കേരള സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കണ്ടെയിനർ ട്രാൻസ്ഷിപ്മെന്റ് പോർട്ട് പദ്ധതിയെ നാം പരിശോധിക്കേണ്ടത്.

www.malankaralibrary.com

**വിഴിഞ്ഞം വാണിജ്യതുറമുഖ പദ്ധതിയും പരിസ്ഥിതി ആഘാതവും**

കണ്ടെയിനർ ട്രാൻസ്ഷിപ്മെന്റ് പോർട്ട് പദ്ധതിയുടെ രൂപരേഖ, പരിസ്ഥിതി ആഘാത പഠന റിപ്പോർട്ട്, മറ്റ് ഔദ്യോഗീക പഠനരേഖകൾ എന്നിവ തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ കീഴിലുള്ള സെന്റർ ഫോർ ഫിഷറീസ് സ്റ്റഡീസ്, തിരുവനന്തപുരം സോഷ്യൽ സർവീസ് സൊസൈറ്റി എന്നീ സ്ഥാപനങ്ങളും പഠനവിധേയമാക്കുകയുണ്ടായി. ഈ രംഗത്തുള്ള പല ശാസ്ത്രജ്ഞരുടെയും വിദഗ്ദരുടെയും സേവനങ്ങൾ ഇതിനായി തേടുകയും ചെയ്തു. ഈ പഠനങ്ങളുടെ വെളിച്ചത്തിൽ താഴെപ്പറയുന്ന നിഗമനങ്ങളിലാണ് ഞങ്ങൾ എത്തിച്ചേർന്നത്.

- ഇപ്പോൾ തയ്യാറാക്കിയിരിക്കുന്ന രൂപത്തിൽ ഈ പദ്ധതി നടപ്പിലാക്കിയാൽ നമ്മുടെ തീരപ്രദേശത്തെ ജനജീവിതത്തിനും കടലോര പരിസ്ഥിതിക്കും ഗുരുതരമായ ദോഷഫലങ്ങൾ ഉണ്ടാകും.

- ആഘാതപഠന റിപ്പോർട്ട് പല സുപ്രധാന കാര്യങ്ങളും ശാസ്ത്രീയമായ രീതിയിൽ പഠിച്ചിട്ടില്ല.

- റിപ്പോർട്ടിലെ പല നിഗമനങ്ങളും വസ്തുതകളെ മറച്ചുവച്ച് പദ്ധതിയെ മനഃപൂർവം ന്യായീകരിക്കാൻ മാത്രമാണ് പരിശ്രമിക്കുന്നത്.

- പദ്ധതി ആഘാത മേഖലയിൽ തിങ്ങിപ്പാർക്കുന്ന മത്സ്യത്തൊഴിലാളിസമൂഹത്തെ ബാധിക്കുന്ന കാര്യങ്ങൾ ശരിയായി പഠിച്ചിട്ടില്ല.

- നിലവിലുള്ള തീരപരിപാലന നിയമവും പരിസ്ഥിതി സംരക്ഷണ നിയമവും ലംഘിച്ചുകൊണ്ട് മാത്രമേ തയ്യാറാക്കിയിരിക്കുന്ന പദ്ധതി നടപ്പിലാക്കാൻ സാധിക്കൂ.

വിഴിഞ്ഞം തുറമുഖപദ്ധതി ഇപ്പോൾ തയ്യാറാക്കിയിരിക്കുന്ന രീതിയിൽ നിർമിക്കുന്നത് നിലവിലുള്ള പരിസ്ഥിതി സംരക്ഷണ നിയമത്തിലെ നിരവധി ചട്ടങ്ങളുടെ ലംഘനമായിരിക്കുമെന്നും, ഈ പദ്ധതി സമീപതീരപ്രദേശങ്ങളിൽ വസിക്കുന്ന പതിനായിരക്കണക്കിന് ആളുകളുടെ വാസസ്ഥലങ്ങളെയും തൊഴിലിനെയും ദോഷകരമായി ബാധിക്കുമെന്നും നാം മനസ്സിലാക്കുന്നു. തുറമുഖത്തിനായി വലിയ പുലിമുട്ട് നിർമിക്കുന്നത് വടക്കുഭാഗത്തെ തീരപ്രദേശങ്ങളിൽ വൻതോതിൽ കരനഷ്ടത്തിന് ഇടയാക്കും. 1970കളിൽ വിഴിഞ്ഞത്ത് ഫിഷിംഗ് ഹാർബറിനുവേണ്ടി 400 മീറ്റർ നീളത്തിൽ പുലിമുട്ട് നിർമിച്ചശേഷം പനത്തുറ, പൂന്തുറ, ബീമാപ്പള്ളി, വലിയതുറ തുടങ്ങിയ ജനസാന്ദ്രതയേറിയ തീരപ്രദേശത്ത് വൻതോതിൽ കര കടലെടുത്തുപോയത് തീരദേശവാസികൾക്കെല്ലാം അനുഭവത്തിലൂടെ അറിവുള്ളതാണ്. പൂന്തുറയിൽമാത്രം നൂറുകണക്കിന് ഭവനങ്ങൾ ഉണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് കടലാണ്. അവരെ മാറ്റിപാർപ്പിക്കുകയും ചെയ്യേണ്ടിവന്നു. ഈ കരനഷ്ടപ്പെടൽ പ്രക്രിയ ഇപ്പോഴും തുടരുന്നു. ഇങ്ങനെ കരയില്ലാതായ കാര്യം കേന്ദ്രഗവണ്മെന്റിന്റെ മേൽനോട്ടത്തിൽ നടന്ന ഔദ്യോഗീക പഠനങ്ങളും സ്ഥിരീകരിച്ചിട്ടുണ്ട്. വിഴിഞ്ഞം പദ്ധതിക്കായി നടത്തിയ പരിസ്ഥിതി ആഘാത പഠനറിപ്പോർട്ട് പബ്ലിക് ഹിയറിംഗിന് മുമ്പ് പ്രസിദ്ധീകരിച്ചപ്പോൾ ഈ കര നഷ്ടമാകലും എടുത്ത് പറഞ്ഞിരുന്നു. പൂന്തുറയിൽ 200 മീറ്റർ വരെ വീതിയിൽ കര നഷ്ടമായതും അതേ സമയം അടിമലത്തുറ ഭാഗത്ത് 220 മീറ്റർ വരെ വീതിയിൽ പുതിയ കര ഉണ്ടായതും രേഖപ്പെടുത്തിയിരുന്നു. ഇക്കാര്യങ്ങൾ പബ്ലിക് ഹിയറിംഗിൽ രേഖാമൂലം ഉന്നയിക്കപ്പെട്ടു. എന്നാൽ മറുപടി പറയാൻ കഴിയാത്ത തുറമുഖ നിർമാണ കമ്പനി റിപ്പോർട്ടിലെ ഈ കാര്യങ്ങളടങ്ങിയ ഒരദ്ധ്യായം നീക്കം ചെയ്തിട്ടാണ് അന്തിമ റിപ്പോർട്ട് കേന്ദ്ര ഗവണ്മെന്റിന് നല്കിയത്. ഇനി 4 കിലോമീറ്റർ നീളമുള്ള പുലിമുട്ട് വിഴിഞ്ഞത്ത് വാണിജ്യതുറമുഖത്തിനുവേണ്ടി നിർമിച്ചാൽ പൂന്തുറ മുതൽ വേളിവരെയുള്ള തീരപ്രദേശങ്ങൾ പൂർണമായും ഇല്ലാതാകും.

**വിഴിഞ്ഞം മത്സ്യബന്ധനതുറമുഖവും ഭീഷണിയിൽ**

2011–ൽ നിർദ്ദിഷ്ട വാണിജ്യതുറമുഖത്തിനുള്ള പരിസ്ഥിതി അനുമതി ലഭിച്ചു. അതോടൊപ്പം കേന്ദ്രപരിസ്ഥിതി മന്ത്രാലയത്തിലെ വിദഗ്ദ കമ്മിറ്റി തന്നെ ഉന്നയിച്ച പ്രതികരണങ്ങൾ ശ്രദ്ധേയമാണ്:

www.malankaralibrary.com

ഈ രീതിയിൽ വാണിജ്യതുറമുഖം വിഴിഞ്ഞത്ത് നിർമിച്ചാൽ അതിന്റെ പ്രത്യാഘാതം ഏറ്റവുമധികം ഉണ്ടാകുന്നത് വിഴിഞ്ഞത്തെ ഫിഷിംഗ് ഹാർബറിനായിരിക്കും. അത് പരമ്പരാഗത മീൻ പിടിത്തക്കാരുടെ ഉപജീവനത്തെ ബാധിക്കും. വിഴിഞ്ഞത്തെ ഫിഷിംഗ് ഹാർബർഅപകടാവസ്ഥയിലായാൽ തിരുവനന്തപുരം ജില്ലയിലെ മുഴുവൻ മത്സ്യത്തൊഴിലാളികളുടെയും ഉപജീവനത്തെ ഗുരുതരമായി ബാധിക്കുമെന്ന് ഉറപ്പാണ്.

### മത്സ്യബന്ധനത്തിനുണ്ടാകുന്ന തടസ്സങ്ങൾ

പദ്ധതി പ്രദേശത്തിന്റെ തെക്കുഭാഗത്ത് 400 മീറ്റർ ആഴത്തിൽ ഡ്രഡ്ജിംഗ് നടത്തി കപ്പൽച്ചാൽ നിർമിക്കുമെന്നാണ് പറയുന്നത്. ഈ പ്രദേശത്ത്കൂടിയായിരിക്കും പ്രധാന കപ്പലോട്ടവും. ഇതുകാരണം പുല്ലുവിള മുതൽ പൊഴിയൂർവരെയുള്ള മത്സ്യത്തൊഴിലാളികൾ കടലിലേക്ക് പോകുന്നത് തടയപ്പെടും. ഇതിന് പുറമേ, പദ്ധതിപ്രദേശം മത്സ്യബന്ധന നിരോധനമേഖലയായി പ്രഖ്യാപിക്കപ്പെടാം എന്നും തുറമുഖപദ്ധതിയുടെ പഠനം നടത്തിയ റോയൽ ഹഡ്കോണിംഗ് എന്ന ഏജൻസി രേഖപ്പെടുത്തിയിരിക്കുന്നു. തത്ഫലമായി അമ്പതിനായിരത്തോളം മത്സ്യത്തൊഴിലാളികളുടെ പരമ്പരാഗത ഉപജീവനം ഇല്ലാതാവുകയും ചെയ്യും. ഡ്രഡ്ജിംഗിലൂടെയും കപ്പൽ ഗതാഗതത്തിലൂടെയും കടൽ പരിസ്ഥിതിയിൽ ഗൗരവമേറിയ മാറ്റമുണ്ടാവുകയും തത്ഫലമായി മത്സ്യസമ്പത്ത് കുറയാൻ കാരണമാവുകയും ചെയ്യും. ഇതു മത്സ്യത്തൊഴിലാളികളെ വറുതിയിലാക്കും.

### സർക്കാരിന്റെ നിഷേധാത്മക സമീപനം

തീരദേശമേഖലയുമായി ബന്ധപ്പെട്ടവർ ഈ പദ്ധതി സംബന്ധിച്ച് ഉന്നയിക്കുന്ന മേൽപ്പറഞ്ഞവ ഉൾപ്പെടെയുള്ള ഭയാശങ്കകൾ കേൾക്കാനും പ്രതികരിക്കാനും സംസ്ഥാന ഭരണാധികാരികൾ തയ്യാറാകുന്നില്ല. പലപ്രാവശ്യം രൂപതാ നേതൃത്വവുമായി ചർച്ചകൾ നടന്നുവെങ്കിലും മത്സ്യത്തൊഴിലാളികളുടെ ആശങ്കകൾ പരിഹരിക്കാനുള്ള ക്രിയാത്മകമായ നടപടികൾ ഒന്നുംതന്നെ ഉണ്ടായില്ല. ഈ രീതിയിൽ പോർട്ട് നിർമിച്ചാൽ തീരം നഷ്ടപ്പെടുകയും തൊഴിൽ രഹിതരാവുകയും ചെയ്യുന്ന 32 തീരഗ്രാമങ്ങളിലെ അരലക്ഷംവരുന്ന മീൻ പിടിത്തക്കാരും അനുബന്ധ തൊഴിലുകൾ ചെയ്യുന്നവരും അവരുടെ കുടുംബാംഗങ്ങളും ആരുടെയും പരിഗണനയിൽ വരുന്നില്ല. അതേസമയം ഇക്കാര്യങ്ങൾ പറയുന്നവരെ വികസന വിരോധികളെന്ന് മുദ്രകുത്താനും ഇവർക്ക് മടിയില്ല. പൊതുസമൂഹത്തിന് ഗുണംചെയ്യുമെന്ന് കരുതിയാണ് നാളിതുവരെ നാം പ്രതിഷേധപരിപാടികൾക്ക് മുതിരാതിരുന്നത്. ഇതനമ്മുടെ ബലഹീനതയായി കാണാൻ പാടില്ല. വികസനപദ്ധതികൾക്കുവേണ്ടി ഏറെ ത്യാഗം സഹിച്ച ചരിത്രമാണ് തിരുവനന്തപുരം അതിരൂപതക്കുള്ളത്. തുമ്പ ബഹിരാകാശ ഗവേഷണകേന്ദ്രം, അന്താരാഷ്ട്ര എയർപോർട്ട്, ട്രാവൻകൂർ ടൈറ്റാനിയം പദ്ധതി എന്നിവയ്ക്കുവേണ്ടി കിടപ്പാടവും മണ്ണുംവിട്ട് നല്കിയവരാണ് നമ്മൾ. പദ്ധതി പ്രദേശത്തെ ജനങ്ങൾക്കായി പുനരധിവാസം ഉൾപ്പെടെയുള്ള വാഗ്ദാനങ്ങൾ പലതും പതിറ്റാണ്ടുകളായി നിറവേറ്റപ്പെടാതെ അവശേഷിക്കുകയാണ്.

ഒരുപക്ഷേ മേൽ വിവരിച്ച പരിസ്ഥിതി–സാമൂഹ്യ പ്രശ്നങ്ങൾ തീരദേശവാസികളല്ലാത്തവർക്ക് ഒരു പ്രശ്നമല്ലായിരിക്കാം. പക്ഷേ ഈ രാജ്യത്തെ പൗരന്മാരെന്ന നിലയ്ക്ക് തുല്യ അവകാശങ്ങൾ ഉള്ളവരാണ് ഈ തീരദേശവാസികളും മത്സ്യത്തൊഴിലാളികളും എന്ന വസ്തുത പൊതുസമൂഹം അംഗീകരിച്ചേ മതിയാകൂ. പദ്ധതിരേഖ മേൽപ്പറഞ്ഞ ഈ യാഥാർഥ്യങ്ങൾ അംഗീകരിക്കുകയും അതിനുള്ള പരിഹാരമാർഗങ്ങൾ നടപ്പിലാക്കുകയും പ്രസ്തുത കാര്യങ്ങൾ പദ്ധതിരേഖയിൽ ഉൾപ്പെടുത്തുകയും അതിനുവേണ്ട തുക പദ്ധതിയുടെ ഭാഗമായി നീക്കിവയ്ക്കുകയും ചെയ്യണമെന്നാണ് അതിരൂപതാ വൈദിക – അത്മായ പ്രതിനിധിയോഗം തീരുമാനിച്ചിരിക്കുന്നത്.

മത്സ്യത്തൊഴിലാളികളുടെ ആശങ്ക പരിഹരിച്ചശേഷം മത്സ്യത്തൊഴിലാളികൾക്ക് വരാൻപോകുന്ന നഷ്ടം മനസ്സിലാക്കി ഒരു പാക്കേജ് വിഴിഞ്ഞം പദ്ധതിയുടെ ഭാഗമായി പ്രഖ്യാപിക്കുവാൻ സർക്കാർ തയ്യാറാകണമെന്നാണ് നമ്മൾ ആവശ്യപ്പെടുന്നത്. ഇതിൽ സർക്കാർ സന്നദ്ധമായില്ലെങ്കിൽ പ്രക്ഷോഭ പരിപാടികളുമായി മുന്നോട്ടുപോകാനാണ് ഇതുമായി ബന്ധപ്പെട്ടു കൂടിയ വൈദിക–അത്മായ പ്രതിനിധികളുടെ യോഗം തീരുമാനിച്ചിരിക്കുന്നത്. ഇന്നത്തെ രീതിയിൽ സർക്കാർ ജനങ്ങളെ വെല്ലുവിളിച്ച് മുന്നോട്ടു പോവുകയാണെങ്കിൽ എന്തുവില കൊടുത്തും പദ്ധതി നടപ്പിലാക്കുന്നത് തടസ്സപ്പെടുത്തണമെന്നുമാണ് യോഗം തീരുമാനിച്ചിരിക്കുന്നത്.

www.malankaralibrary.com

ഇതൊരു മനുഷ്യാവകാശ പ്രശ്നമായിട്ടാണ് നാം കാണുന്നത്. വികസനപ്രവർത്തനങ്ങൾക്ക് നമ്മൾ എതിരല്ല. വികസനംമൂലം കനത്ത നഷ്ടം സംഭവിക്കാൻ പോകുന്ന ഒരു ജനവിഭാഗത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കണമെന്നാണ് നാം ആവശ്യപ്പെടുന്നത്. ഈ പദ്ധതി നടപ്പിലാക്കിയാൽ ഉണ്ടാകുന്ന ദുരിതപൂർണമായ അവസ്ഥയെപ്പറ്റി ഓരോ ഇടവകയിലും വ്യാപകമായ ബോധവത്ക്കരണം നടത്തേണ്ടതുണ്ട്. ഇടവക പൊതുയോഗംകൂടി ഈ വിഷയം പഠിക്കാനും അഭിപ്രായ ഭിന്നതകൾ മറന്ന് പ്രവർത്തിക്കാനും നമുക്കാവണം. അതിരൂപത മുന്നോട്ടുവയ്ക്കുന്ന പരിപാടികളിലെല്ലാം സജീവമായി പങ്കെടുക്കുകയും വിജയിപ്പിക്കുകയും ചെയ്യണമെന്ന് അഭ്യർഥിക്കുന്നു.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ!

സ്നേഹത്തോടെ,

വെള്ളയമ്പലം
31–7–2015

† സൂസപാക്യം എം.
തിരുവനന്തപുരം മെത്രാപ്പോലീത്ത

**NB**: *ഈ ഇടയലേഖനം 2015 ആഗസ്റ്റ് മാസം 2–ാം തിയതി ഞായറാഴ്ച ദിവ്യബലിയുടെ അവസാനം നമ്മുടെ ദേവാലയങ്ങളിൽ വായിച്ച് വിശദീകരിക്കേണ്ടതാണ്.*

## PICTURE OF THE MONTH



www.malankaralibrary.com

# FROM THE PRESS



ഏഴാമത് ചെത്തിപ്പുഴ തിരുഹൃദയ കൺവൻഷന്റെ ഉദ്ഘാടനം സീറോ മലങ്കര കത്തോലിക്കാ സഭയുടെ പത്തനംതിട്ട ബിഷപ് സാമുവൽ മാർ ഐറേനിയോസ് നിർവഹിക്കുന്നു. വചനപ്രഘോഷകൻ ഫാ. ജോയ് ചെമ്പകശേരി, വികാരി ഫാ. തോമസ് ചൂളപ്പറമ്പിൽ, അസിസ്റ്റന്റ് വികാരിമാരായ ഫാ. സിജോ കുന്നുതറ, ഫാ. അങ്കിത്ത് ചെച്ചോട്ട്, കൈക്കാരന്മാർ എന്നിവർ സമീപം.

## കുടുംബങ്ങളുടെ നവീകരണത്തിന് ദൈവാശ്രയത്വം വേണം: സാമുവൽ മാർ ഐറേനിയോസ്

**ചെത്തിപ്പുഴ:** കുടുംബങ്ങളുടെ നവീകരണത്തിന് ദൈവാശ്രയത്വം വേണമെന്ന് പത്തനംതിട്ട ബിഷപ് സാമുവൽ മാർ ഐറേനിയോസ്. ചെത്തിപ്പുഴ തിരുഹൃദയ പള്ളിയിൽ ആരംഭിച്ച തിരുഹൃദയ കൺവൻഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സാമൂഹ്യതിന്മകളെ നേരിടാൻ പ്രാർഥനാ ചൈതന്യം ശക്തിപ്പെടണമെന്നും ബിഷപ് കൂട്ടിച്ചേർത്തു.

ഫാ. ജോയ് ചെമ്പകശേരിയും ടീമുമാണ് ധ്യാനം നയിക്കുന്നത്. ആറുവരെ തീയതികളിൽ വൈകുന്നേരം നാലു മുതൽ ഒമ്പതു വരെയാണ് ധ്യാനം നടക്കുന്നത്.

Deepika3



ബഹ്റിൻ നാലു ദിവസത്തെ അപ്പസ്തോലിക സന്ദർശനത്തിനെത്തിയ ഫ്രാൻസിസ് മാർപാപ്പ സാഖിർ കൊട്ടാരത്തിൽ ഹമദ് ബിൻ ഇസ അൽ ഖലീഫ രാജാവുമായി കൂടിക്കാഴ്ച നടത്തിയശേഷം പുറത്തേക്കു വരുന്നു.

## സമാധാനദൂതുമായി മാർപാപ്പ ബഹ്റിനിൽ

**ബഹ്റിൻ:** പൗരാണികതയും ആധുനികതയും പോലെതന്നെ പാരമ്പര്യവും പുരോഗതിയും സംഗമിക്കുന്ന വേദിയാണ് ബഹ്റിൻ എന്നു മാർപാപ്പ. നാലുദിവസത്തെ സന്ദർശനത്തിനായി ബഹ്റിനിലെത്തിയ മാർപാപ്പ സാഖിർ കൊട്ടാരത്തിൽ രാജാവിനെ സന്ദർശിച്ചശേഷം പ്രസംഗിക്കുകയായിരുന്നു. വിവിധ പശ്ചാത്തലങ്ങളിൽനിന്നു വരുന്ന ആളുകൾ ജീവിതത്തിന്റെ പാരസ്പര്യം പുരിപ്പിക്കുന്ന സ്ഥലവുമാണത്. ബഹ്റിൻ മരുഭൂമിയിൽ വളരുന്ന 400 വർഷം പ്രായമുള്ള അക്കേഷ്യാ മരം ബഹ്റിന്റെ സജീവതയുടെ പ്രതീകമാണെന്നു മാർപാപ്പ പറഞ്ഞു. ബഹ്റിനിൽ "ജീവന്റെ വൃക്ഷം" എന്നറിയപ്പെടുന്ന വൃക്ഷം ടൂറിസ്റ്റ് ആകർഷണമാണ്.

4,500 വർഷത്തെ പാരമ്പര്യമുള്ള ബഹ്റിൻ വംശീയവും സാംസ്കാരികവുമായ വൈവിധ്യത്തിന്റെയും ജനങ്ങളുടെ സമാധാനപരമായ സഹവർത്തിത്വത്തിന്റെയും ആതിഥ്യമര്യാദയുടെയും മാതൃകയാണ്. ആഗോള ഗ്രാമമായിത്തീർന്നിരിക്കുന്ന ആധുനികലോകത്ത് ഗ്രാമീണ നന്മകളായ ആതിഥ്യമര്യാദയും മറ്റുള്ളവരോടുള്ള പരിഗണനയും സാഹോദര്യമനോഭാവവും കുറഞ്ഞുവരികയാണ്. എന്നാൽ, ബഹ്റിന്റെ വൈവിധ്യം കൂട്ടായ്മയുടെ മാതൃകയാണ്.

കിഴക്കും പടിഞ്ഞാറും തമ്മിലുള്ള സംവാദത്തിൽ പങ്കെടുക്കാൻ സമാധാനദൂതുമായാണ് താൻ വന്നിരിക്കുന്നതെന്ന് മാർപാപ്പ വ്യക്തമാക്കി. ഈ സംവാദത്തിനു സൗകര്യം ഒരുക്കുന്ന ബഹ്റിൻ രാജ്യത്തിനു പാപ്പാ നന്ദി പറഞ്ഞു. ബഹ്റിൻ പരസ്പര ബഹുമാനത്തിനും സഹിഷ്ണുതയ്ക്കും മതസ്വാതന്ത്ര്യത്തിനും നല്കുന്ന പ്രാധാന്യം മാർപാപ്പ എടുത്തുപറഞ്ഞു.

ആരാധനാസ്വാതന്ത്ര്യമില്ലാതെ മതസ്വാതന്ത്ര്യം പൂർണമാകുകയില്ലെന്നും അതു മനുഷ്യവ്യക്തിയുടെ മാഹാത്മ്യത്തിനുള്ള അംഗീകാരമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സംവാദത്തിന്റെ പ്രാധാന്യം, ആഗോള തൊഴിൽമേഖലയിലെ പ്രതിസന്ധി, പരിസ്ഥിതി സംരക്ഷണത്തിന്റെയും ജീവസംരക്ഷണത്തിന്റെയും ആവശ്യകത, സമാധാനത്തിനുള്ള ഉത്തരവാദിത്വം മുതലായ വിഷയങ്ങളും മാർപാപ്പ തന്റെ പ്രസംഗത്തിൽ പരാമർശിച്ചു.

### ആദ്യ മാർപാപ്പ

ബഹ്റിൻ സന്ദർശിക്കുന്ന ആദ്യ മാർപാപ്പയാണ് ഫ്രാൻസിസ് പാപ്പ. അവാലി, മനാമ എന്നീ നഗരങ്ങൾ ഫ്രാൻസിസ് പാപ്പ സന്ദർശിക്കും. രാജ്യത്തെ 15 ശതമാനത്തോളം ജനങ്ങൾ ക്രൈസ്തവരാണ്. ഏതാണ്ട് 1.6 ലക്ഷത്തോളം വരുന്ന ക്രൈസ്തവരിൽ വിദേശരാജ്യങ്ങളിൽനിന്നുള്ളവരുമുണ്ട്. ഞായറാഴ്ചയാണു മാർപാപ്പ റോമിലേക്കു മടങ്ങുന്നത്.

ഊഷ്മള വരവേൽപ്
പേജ് 12

Deepika 4

www.malankaralibrary.com

# മതനേതാക്കൾ മനുഷ്യകുലത്തെ സേവിക്കുന്നവരാകണം: മാർപാപ്പ

**മനാമ:** സ്വകാര്യ താത്പര്യങ്ങളും യുദ്ധവും മുന്നിട്ടു നിൽക്കുന്ന ലോകത്തിൽ മതനേതാക്കൾ ഉത്തമമാതൃക നൽകുന്നവരും മുറിവേറ്റ മനുഷ്യ മഹാകുടുംബത്തെ പ്രോത്സാഹിപ്പിക്കുന്നവരും പരിചരിക്കുന്നവരും ആകണമെന്നു ഫ്രാൻസിസ് മാർപാപ്പ.

മനാമ നഗരത്തിലെ സാഖിർ കൊട്ടാരത്തിലുള്ള അൽ ഫിദാ ചത്വരത്തിൽ രണ്ടു ദിവസമായി നടന്നുവരുന്ന ബഹറിൻ സംവാദ സമിതിയുടെ സമാപനസമ്മേളനത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. പ്രസംഗത്തിൽ യുദ്ധത്തെ തള്ളിപ്പറഞ്ഞ അദ്ദേഹം, യഥാർഥ മതസ്വാതന്ത്ര്യത്തിന്റെ ആവശ്യകത ശക്തമായി അവതരിപ്പിച്ചു. സ്ത്രീകളുടെയും കുട്ടികളുടെയും മൗലികാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി വിദ്യാഭ്യാസരംഗത്തെ മുൻഗണനകൾ തിരുത്തണമെന്ന് അഭിപ്രായപ്പെട്ട മാർപാപ്പ പൗരത്വസങ്കല്പത്തെയും പരാമർശിച്ചു.

'കിഴക്കും പടിഞ്ഞാറും മനുഷ്യസഹവർത്തിത്വത്തിന്' എന്ന പ്രമേയത്തിൽ ഊന്നിയുള്ള സമ്മേളനത്തിലേക്കു തന്നെ ക്ഷണിച്ചതിനു മാർപാപ്പ നന്ദി പറഞ്ഞു. ഇന്നത്തെ മനുഷ്യകുടുംബം കൂടുതൽ വിഭജിതമായി കാണപ്പെടുന്നതായി അദ്ദേഹം വിലയിരുത്തി. "ലോകയുദ്ധങ്ങൾക്കും യുദ്ധഭീഷണികൾക്കും ശേഷം ലോകം ഇപ്പോഴും ഒരു ചെങ്കുത്തായ കയറ്റത്തിൽ നില്ക്കുന്നതായി കാണപ്പെടുന്നു. എങ്കിലും നാം വീഴാൻ പാടില്ല. ഈ സാഹചര്യത്തിൽ മതനേതാക്കൾ ഉത്തമമാതൃക നൽകാൻ മുന്നോട്ടുവരണം. പ്രാർഥനയും അധ്യാപനവും പ്രവർത്തനവുമാണ് അവർ സജീവമാക്കേണ്ട മൂന്നു മേഖലകൾ."


ഔവർ ലേഡി ഓഫ് അറേബ്യ കത്തീഡ്രലിൽ എക്യുമെനിക്കൽ സമ്മേളനത്തിലും സമാപന പ്രാർഥനയിലും പങ്കെടുക്കാൻ മാർപാപ്പ എത്തിയപ്പോൾ.

മതത്തിന്റെ പേരിലുള്ള അക്രമത്തെ മാർപാപ്പ അപലപിച്ചു. ഒരു മതം സമാധാനകാംക്ഷിയാണെന്നു പറഞ്ഞാൽ പോരാ, സമാധാനം ഹനിക്കുന്നവരെ അപലപിക്കുകയും അസഹിഷ്ണുതയെ നേരിടുകയും വേണം - അദ്ദേഹം പറഞ്ഞു. സാഖിർ കൊട്ടാരത്തിലെ മോസ്കിൽവച്ച് ഫ്രാൻസിസ് മാർപാപ്പ ഇസ്‌ലാം മതനേതാക്കളെ അഭിസംബോധന ചെയ്തു. തുടർന്ന് അറേബ്യയുടെ നാഥയായ പരിശുദ്ധ കന്യകാമറിയത്തിന്റെ കത്തീഡ്രലിൽ നടന്ന എക്യുമെനിക്കൽ സമ്മേളനത്തിലും സമാപന പ്രാർഥനയിലും പങ്കെടുത്തു. ഇന്നു ബഹറിൻ നാഷണൽ സ്റ്റേഡിയത്തിൽ പരിശുദ്ധ പിതാവ് വിശുദ്ധ കുർബാനയർപ്പിക്കുകയും തുടർന്നു യുവജനങ്ങളെ അഭിസംബോധന ചെയ്യുകയും ചെയ്യും.

# മാർ ആൻഡ്രൂസ് താഴത്ത് സിബിസിഐ പ്രസിഡന്റ്


മാർ ആൻഡ്രൂസ് താഴത്ത്


ഡോ. ജോർജ് അന്തോണിസാമി


ജോ... മാർ ...


ഡോ. ഫെലിക്സ് മച്ചാഡോ

**ബംഗളൂരു:** ഭാരത കത്തോലിക്കാ മെത്രാൻ സമിതി (സിബിസിഐ) പ്രസിഡന്റായി തൃശൂർ ആർച്ച്ബിഷപ്പും എറണാകുളം - അങ്കമാലി അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററുമായ മാർ ആൻഡ്രൂസ് താഴത്ത് തെരഞ്ഞെടുക്കപ്പെട്ടു. മദ്രാസ്-മൈലാപ്പൂർ ആർച്ച്ബിഷപ് ഡോ. ജോർജ് അന്തോണിസാമി, ബത്തേരി ബിഷപ് ജോസഫ് മാർ തോമസ് എന്നിവരാണ് പുതിയ വൈസ് പ്രസിഡന്റുമാർ. മഹാരാഷ്ട്രയിലെ വസായ് രൂപതാധ്യക്ഷനായ ഡോ. ഫെലിക്സ് മച്ചാഡോയാണു സെക്രട്ടറി ജനറൽ.

ബംഗളൂരു സെന്റ് ജോൺസ് നാഷണൽ അക്കാദമി ഓഫ് ഹെൽത്ത് സയൻസസ് ഓഡിറ്റോറിയത്തിൽ നടന്നുവരുന്ന സിബിസിഐയുടെ 35-ാം പ്ലീനറി സമ്മേളനമാണ് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തത്. 75 വയസ് പ്രായപരിധി നിബന്ധനയുള്ളതിനാലാണ് സീറോ മലബാർ സഭാ മേജർ ആർച്ച്ബി... ഷപ് കർദിനാൾ മാ... ജോർജ് ആലഞ്ചേരി സിബിസി... ഐ പ്രസിഡന്റ് പദവി ഏറ്റെടു... ക്കാതിരുന്നത്.

മുന്പ് സിബിസിഐയുടെ വൈസ് പ്രസിഡന്റായി പ്രവർത്തിച്ചിട്ടുള്ള ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് കെസിബിസി സെക്രട്ടറി ജനറലായും പ്രസിഡന്റായും കെസിബിസി വിദ്യാഭ്യാസ കമ്മീഷൻ ചെയർമാനായും പ്രവർത്തിച്ചിട്ടുണ്ട്. കത്തോലിക്കാസഭയുടെ നിയമങ്ങൾ വിശകലനം ചെയ്യുന്ന വത്തിക്കാനിലെ പൊന്തിഫിക്കൽ കൗൺസിൽ ഫോർ ലെജിസ്ലേറ്റീവ് ടെക്സ്റ്റ്സ് മെംബറായി 2021ൽ ഫ്രാൻസിസ് മാർപാപ്പ മാർ ആൻഡ്രൂസ് താഴത്തിനെ നിയമിച്ചിരുന്നു. ലോകപ്രശസ്തനായ കാ... ൻ നിയമ വിദഗ്ധൻകൂടിയാണ് ...ർ ആൻഡ്രൂസ് താഴത്ത്.


നാലു ദിവസമായി നടന്നുവ...രുന്ന പ്ലീനറി സമ്മേളനം ഇന്നു സമാപിക്കും. ഇന്നലെ വിവിധ വിഷയങ്ങളിൽ ചർച്ചകൾ നടന്നു. രാവിലെ നടന്ന വിശുദ്ധ കുർബാനയിൽ മലങ്കര കത്തോലിക്കാ സഭാ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ മുഖ്യകാർമികനായിരുന്നു.

തുടർന്നു നടന്ന ചർച്ചകൾക്കു ശേഷം ബിഷപ് ഡോ. ഐവാൻ പെരേര റീജണൽ റിപ്പോർട്ടുകൾ അവതരിപ്പിച്ചു. സെഷനുകളുടെ അവസാനം റിഡംപ്റ്ററിസ്റ്റ് സന്യാസസമൂഹം പ്രൊവിൻഷ്യൽ സുപ്പീരിയർ ഫാ. എഡ്വേർഡ് ജോസഫ് വചനവിചിന്തനം നൽകി.

www.malankaralibrary.com

# മെത്രാഭിഷേക രജത ജൂബിലി നിറവിൽ യൂഹാനോൻ മാർ ക്രിസോസ്റ്റം

പത്തനംതിട്ട • പൗരോഹിത്യ സുവർണ ജൂബിലിയുടെയും മെത്രാഭിഷേക രജത ജൂബിലിയുടെയും നിറവിൽ മലങ്കര കത്തോലിക്കാ സഭ പത്തനംതിട്ട രൂപതയുടെ പ്രഥമ ഇടയൻ യൂഹാനോൻ മാർ ക്രിസോസ്റ്റം. 1944 മേയ് 19ന് കടമ്മനിട്ടയിൽ കല്ലൂർ കുടുംബത്തിൽ ജനിച്ച അദ്ദേഹം പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം 1963ൽ വൈദിക പഠനത്തിനായി തിരുവനന്തപുരം സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിൽ ചേർന്നു. തിരുവനന്തപുരത്തെയും തിരുച്ചിറപ്പള്ളിയിലെയും പഠനത്തിനു ശേഷം 1973 മേയ് 5ന് ആർച്ച് ബിഷപ് ബെനഡിക്ട് മാർ ഗ്രിഗോറിയോസിൽ നിന്നു വൈദിക പട്ടം സ്വീകരിച്ചു.



യൂഹാനോൻ മാർ ക്രിസോസ്റ്റം

1985 മുതൽ 1998 വരെ യുഎസിൽ അദ്ദേഹം നടത്തിയ പ്രവർത്തനങ്ങളാണു സഭയ്ക്ക് അവിടെ കരുത്തേകിയത്. 1998 ജൂൺ 29ന് യൂഹാനോൻ മാർ ക്രിസോസ്റ്റം എന്ന പേരു സ്വീകരിച്ചു ബിഷപ്പായി അഭിഷിക്തനായി. തുടർന്ന് മാർത്താണ്ഡം രൂപതയുടെ ചുമതലയേറ്റെടുത്തു. രൂപതയുടെ വളർച്ചയിൽ വിലപ്പെട്ട സംഭാവനകൾ നൽകാൻ കഴിഞ്ഞു. വിദ്യാഭ്യാസ മേഖലയിലുൾപ്പെടെ ഒട്ടേറെ പ്രവർത്തനങ്ങളാണ് അവിടെ നടത്തിയത്.

2010 ജനുവരിയിൽ പത്തനംതിട്ട രൂപത സ്ഥാപിച്ചപ്പോൾ അതിന്റെ പ്രഥമ ബിഷപ്പാകാനുള്ള നിയോഗവും മാർ ക്രിസോസ്റ്റത്തെ തേടിയെത്തി. 2019 ജൂൺ 8 വരെ ചുമതലയിൽ തുടർന്നു. വിശ്രമജീവിതത്തിലാണെങ്കിലും ഇപ്പോഴും കർമനിരതനാണ് അദ്ദേഹം. ആരോഗ്യമുള്ള കാലത്തോളം തന്നാലാകുന്ന ശുശ്രൂഷകൾ ചെയ്യണമെന്നാണ് അദ്ദേഹത്തിന്റെ ആഗ്രഹം.

മലങ്കര കത്തോലിക്കാ സഭയുടെ ഹൃദയഭൂമിയെന്നു വിശേഷിപ്പാക്കാവുന്ന പത്തനംതിട്ടയിൽ രൂപത സ്ഥാപിതമായ ശേഷം മാർ ക്രിസോസ്റ്റത്തിന്റെ നേതൃത്വത്തിൽ വിദ്യാഭ്യാസ മേഖലയിലും സാമൂഹിക സേവന മേഖലയിലും ഒട്ടേറെ പ്രവർത്തനങ്ങളാണ് നടത്തിയത്. പത്തനംതിട്ടയിലെ മഡോണ സ്കൂൾ, പറന്തലിലെ മാർ ക്രിസോസ്റ്റം കോളജ് തുടങ്ങിയവ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ തുടങ്ങിയതാണ്. ജീവിതത്തിൽ ഒറ്റപ്പെട്ടുപോയവരെ സംരക്ഷിക്കാനായി ളാക്കൂരിലും കുട്ടികൾക്കായി ചീക്കനാലിലും അഭയകേന്ദ്രങ്ങളൊരുക്കി. വിദ്യാഭ്യാസം കൊണ്ടു മാത്രമേ സമൂഹത്തെ ഉയർത്തിക്കൊണ്ടു വരാൻ കഴിയൂ എന്ന് മാർ ക്രിസോസ്റ്റം പറയുന്നു. അതിനാൽ തന്നെ സേവനം ചെയ്തിടത്തെല്ലാം വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങാൻ നേതൃത്വം നൽകി. അവയുടെ ഇന്നത്തെ വളർച്ചയിൽ സന്തുഷ്ടനുമാണ്. എഴുപതുകളിൽ പിരപ്പൻകോട് കുഷ്ഠരോഗാശുപത്രിയിൽ സേവനം ചെയ്ത 7 വർഷങ്ങളാണ് ഏറ്റവും ആത്മസംതൃപ്തി നൽകിയതെന്നു പിതാവ് പറയുന്നു. പ്രാദേശികമായ എതിർപ്പുകൾ തുടക്കത്തിലുണ്ടായെങ്കിലും പ്രവർത്തനത്തിലെ നന്മ തിരിച്ചറിഞ്ഞ് ആളുകൾ പിന്നീട് അംഗീകരിച്ചതും മധുരിക്കുന്ന ഓർമയാണ്. യൂഹാനോൻ മാർ ക്രിസോസ്റ്റത്തിന്റെ മെത്രാഭിഷേക-പൗരോഹിത്യ ജൂബിലികൾ ആഘോഷമാക്കാനുള്ള ഒരുക്കത്തിലാണു പത്തനംതിട്ട രൂപത. നാളെ വിവിധ പരിപാടികളോടെ രൂപതാതലത്തിൽ ജൂബിലി ആഘോഷിക്കും.

രാവിലെ 8ന് സെന്റ് പീറ്റേഴ്സ് ഭദ്രാസന ദേവാലയത്തിൽ കുർബാന, 10.30ന് അനുമോദന സമ്മേളനം നടക്കും. വൈകിട്ട് ഓമല്ലൂർ ദർശന ഓഡിറ്റോറിയത്തിൽ നടക്കുന്ന അനുമോദന സമ്മേളനത്തിൽ രാഷ്ട്രീയ സാമുദായിക രംഗത്തെ പ്രമുഖർ പങ്കെടുക്കും.

# അല്മായ പ്രവർത്തനങ്ങൾക്ക് ദേശീയതലത്തിൽ പൊതുവേദിയുണ്ടാക്കും: സിബിസിഐ ലെയ്റ്റി കൗൺസിൽ

**കൊച്ചി:** ഭാരത കത്തോലിക്കാ സഭയിലെ അല്മായ പ്രവർത്തനങ്ങളുടെ ശക്തികരണത്തിന് ദേശീയതല പൊതുവേദിയുണ്ടാക്കുമെന്ന് സിബിസിഐ ലെയ്റ്റി കൗൺസിൽ. സിനഡാത്മക സഭയിൽ അല്മായ പങ്കാളിത്തം വളരെ വലുതാണ്. സഭയുടെ മുഖ്യധാരയിൽ അല്മായ സമൂഹവും സംഘടനകളും ഒരുമിച്ചു പ്രവർത്തിക്കേണ്ടതാണ്. അതിനാൽ ഭാരത കത്തോലിക്കാ സഭയിലെ അല്മായ പ്രവർത്തന പരിപാടികൾ കൂടുതൽ ശക്തമാക്കാനുള്ള പൊതുവേദികളും പദ്ധതികളും ആരംഭിക്കുമെന്ന് സിബിസിഐ ലെയ്റ്റി കൗൺസിൽ സെക്രട്ടറി ഷെവലിയർ അഡ്വ. വി.സി. സെബാസ്റ്റ്യൻ പറഞ്ഞു.

ബംഗളൂരു സെന്റ് ജോൺസ് ഓഡിറ്റോറിയത്തിൽ ചേർന്ന സിബിസിഐ സമ്മേളനത്തിൽ ലെയ്റ്റി കൗൺസിൽ പ്രവർത്തന റിപ്പോർട്ടും പദ്ധതികളും അവതരിപ്പിച്ചു. ലെയ്റ്റി കൗൺസിൽ ചെയർമാൻ ബിഷപ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ അധ്യക്ഷത വഹിച്ചു. കൗൺസിൽ അംഗങ്ങളായ ബിഷപ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്, ബിഷപ് ഡോ. യൂജിൻ ജോസഫ്, സെക്രട്ടറി ഷെവലിയർ അഡ്വ. വി.സി. സെബാസ്റ്റ്യൻ എന്നിവർ പ്രസംഗിച്ചു.

## ലെയ്റ്റി കൺസൾട്ടേഷൻ ഫോറം രൂപീകരിക്കും

വിവിധ തലങ്ങളിൽ പ്രവർത്തിച്ച് അതുല്യനേട്ടങ്ങൾ കൈവരിച്ചു സഭയ്ക്കും സമൂഹത്തിനുമായി നിസ്വാർഥ സേവനം ചെയ്യുന്ന ഭാരത കത്തോലിക്കാ സഭയിലെ അല്മായരെ ഉൾപ്പെടുത്തി ദേശീയതലത്തിൽ ലെയ്റ്റി കൺസൾട്ടേഷൻ ഫോറത്തിനും രൂപം നൽകും. ഇന്ത്യയിലെ 14 സിബിസിഐ റീജണൽ കൗൺസിലുകളിലും ലെയ്റ്റി കോൺഫറൻസ് സംഘടിപ്പിക്കും. ഭാരതത്തിലെ ആനുകാലിക രാഷ്ട്രീയ - സാമൂഹ്യ പശ്ചാത്തലത്തിൽ ക്രൈസ്തവ സമൂഹം കൂടുതൽ ഐക്യത്തോടും ഒരുമയോടും പ്രവർത്തിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്നു സിബിസിഐ ലെയ്റ്റി കൗൺസിൽ ഓർമപ്പെടുത്തി.

www.malankaralibrary.com





സിബിസിഐ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്തിനും വൈസ്പ്രസിഡന്റ് ബിഷപ് ജോസഫ് മാർ തോമസിനും കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നൽകിയ സ്വീകരണത്തിൽ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി ഇരുവരെയും ഷാൾ അണിയിക്കുന്നു. വരാപ്പുഴ ആർച്ച്ബിഷപ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ സമീപം.

# മാർ ആൻഡ്രൂസ് താഴത്തിനും ജോസഫ് മാർ തോമസിനും സ്വീകരണം

**കൊച്ചി:** ഭാരത കത്തോലിക്കാ മെത്രാൻ സമിതിയുടെ (സിബിസിഐ) പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട തൃശൂർ ആർച്ച്ബിഷപ്പും എറണാകുളം-അങ്കമാലി അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററുമായ മാർ ആൻഡ്രൂസ് താഴത്തിനും വൈസ്പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ബത്തേരി ബിഷപ് ജോസഫ് മാർ തോമസിനും സീറോ മലബാർ സഭാ ആസ്ഥാനമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സ്വീകരണം നൽകി. ഭാരത കത്തോലിക്കാ മെത്രാൻ സമിതിയുടെ നേതൃത്വശുശ്രൂഷയിൽ കാലോചിതമായ മാറ്റങ്ങൾക്കനുസരിച്ചു സഭയെ നയിക്കാൻ സാധിക്കട്ടെയെന്നു കർദിനാൾ മാർ ജോർജ് ആലഞ്ചേരി ആശംസിച്ചു. ഭാരത കത്തോലിക്കരുടെ ചിരകാലാഭിലാഷമായ ഫ്രാൻസിസ് മാർപാപ്പയുടെ സന്ദർശനം സാധ്യമാക്കുന്നതിൽ സിബിസിഐയുടെ പങ്ക് കർദിനാൾ പ്രത്യേകം എടുത്തുപറഞ്ഞു.

സീറോ മലബാർ കൂരിയ മെത്രാൻ മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ സ്വാഗതം ആശംസിച്ച ചടങ്ങിൽ വരാപ്പുഴ ആർച്ച്ബിഷപ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ, മൂവാറ്റുപുഴ രൂപതാധ്യക്ഷൻ യൂഹാനോൻ മാർ തെയഡോഷ്യസ്, റിട്ട. ജസ്റ്റീസുമാരായ ആന്റണി ഡൊമിനിക്, ജെ.ബി കോശി, മദർ ജനറൽ ലിറ്റി എന്നിവർ പ്രസംഗിച്ചു. ചിക്കാഗോ ബിഷപ് മാർ ജോയ് ആലപ്പാട്ട്, റിട്ട. ജസ്റ്റീസ് ഏബ്രഹാം മാത്യു, ഹൈബി ഈഡൻ എംപി, ടി.ജെ. വിനോദ് എംഎൽഎ, കൊച്ചി മേയർ അഡ്വ. എം. അനിൽകുമാർ, എറണാകുളം-അങ്കമാലി, തൃശൂർ അതിരൂപതകളിൽ നിന്നുള്ള വികാരി ജനറൽമാർ, സമർപ്പിത സമൂഹങ്ങളുടെ മേജർ സുപ്പീരിയർമാർ, വൈദിക സമർപ്പിത അല്മായ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു. കൂരിയ ചാൻസലർ ഫാ. വിൻസെന്റ് ചെറുവത്തൂർ നന്ദി രേഖപ്പെടുത്തി.

www.malankaralibrary.com

# യൂഹാനോൻ മാർ ക്രിസോസ്റ്റമിന് ജൂബിലി മംഗളങ്ങൾ നേർന്നു

**പത്തനംതിട്ട:** മലങ്കര കത്തോലിക്കാ സഭ പത്തനംതിട്ട രൂപതയുടെ പ്രഥമ അധ്യക്ഷൻ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്തയുടെ മെത്രാഭിഷേക രജതജൂബിലിയിലും പൗരോഹിത്യ സുവർണജൂബിലിയിലും സഭയുടെയും പൊതുസമൂഹത്തിന്റെയും ആദരം.

പത്തനംതിട്ട രൂപതയുടെ ആഭിമുഖ്യത്തിൽ ഇന്നലെ നടന്ന ചടങ്ങുകളിൽ നിരവധിയാളുകൾ മെത്രാപ്പോലീത്തയ്ക്ക് ആശംസകൾ നേർന്നു.

രാവിലെ സെന്റ് പീറ്റേഴ്സ് കത്തീഡ്രലിൽ നടന്ന ദിവ്യബലിയിൽ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്ത മുഖ്യകാർമികത്വം വഹിച്ചു. രൂപതാധ്യക്ഷൻ ഡോ. സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്ത, വികാരി ജനറാൾ മോൺ.ഡോ. ഷാജി മാണികുളം, രൂപതയിലെ വൈദികർ തുടങ്ങിയവർ സഹകാർമികരായിരുന്നു.

ദേവാലയത്തിൽ നടന്ന അനുമോദന സമ്മേളനത്തിൽ ഓർത്തഡോക്സ് സഭ തുമ്പമൺ ഭദ്രാസനാധിപൻ കുര്യാക്കോസ് മാർ ക്ലീമിസ് മെത്രാപ്പോലീത്ത, ക്നാനായ ആർച്ച് ബിഷപ് കുര്യാക്കോസ് മാർ സേവേറിയോസ് വലിയ മെത്രാപ്പോലീത്ത തുടങ്ങിയവരും ആശംസകൾ നേർന്നു.



യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്തയുടെ മെത്രാഭിഷേക രജതജൂബിലി, പൗരോഹിത്യ സുവർണജൂബിലി ആഘോഷങ്ങൾക്കു തുടക്കം കുറിച്ച് പത്തനംതിട്ട സെന്റ് പീറ്റേഴ്സ് കത്തീഡ്രലിൽ നടന്ന അനുമോദനയോഗത്തിൽ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്ത ദീപം തെളിക്കുന്നു. മെത്രാപ്പോലീത്തമാരായ സാമുവേൽ മാർ ഐറേനിയോസ്, കുര്യാക്കോസ് മാർ സേവേറിയോസ്, കുര്യാക്കോസ് മാർ ക്ലീമിസ്, വികാരി ജനറാൾ മോൺ. ഷാജി മാണികുളം തുടങ്ങിയവർ സമീപം.

വൈകുന്നേരം ഓമല്ലൂർ ദർശന ഓഡിറ്റോറിയത്തിൽ നടന്ന ജൂബിലി ആശംസ സമ്മേളനത്തിൽ കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ, ആർച്ച് ബിഷപ് ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത, പുനലൂർ രൂപതാധ്യക്ഷൻ ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ, ക്നാനായ മെത്രാപ്പോലീത്തമാരായ കുര്യാക്കോസ് മാർ ഗ്രീഗോറിയോസ്, കുര്യാക്കോസ് മാർ ഈവാനിയോസ്, യാക്കോബായ സഭയിലെ ഗീവർഗീസ് മാർ ബർണബാസ്, മാവേലിക്കര രൂപതാധ്യക്ഷൻ ജോഷ്വാ മാർ ഇഗ്നാത്തിയോസ്, മാർത്താണ്ഡം രൂപതാധ്യക്ഷൻ വിൻസന്റ് മാർ പൗലോസ്, ഡോ. എബ്രഹാം മാർ യൂലിയോസ്, ചങ്ങനാശേരി അതിരൂപത സഹായമെത്രാൻ മാർ തോമസ് തറയിൽ, കോട്ടയം അതിരൂപത സഹായ മെത്രാൻ ഗീവർഗീസ് മാർ ബർണബാസ്, പരുമല സെമിനാരി മാനേജർ കെ.വി. പോൾ റമ്പാൻ, ഓർത്തഡോക്സ് സഭ ഭദ്രാസന സെക്രട്ടറി ജോൺസൺ കല്ലിട്ടതിൽ കോർ എപ്പിസ്കോപ്പ, ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ, എംപിമാരായ ആന്റോ ആന്റണി, അടൂർ പ്രകാശ്, എംഎൽഎമാരായ കെ.യു. ജനീഷ് കുമാർ, പ്രമോദ് നാരായൺ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഓമല്ലൂർ ശങ്കരൻ, പത്തനംതിട്ട നഗരസഭ ചെയർമാൻ ടി. സക്കീർ ഹുസൈൻ, ഓമല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജോൺസൺ വിളവിനാൽ തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു.

മുൻ എംഎൽഎമാരായ ജോസഫ് എം. പുതുശേരി, രാജു എബ്രഹാം, രാഷ്ട്രീയ സാമൂഹ്യപ്രവർത്തകർ, ജനപ്രതിനിധികൾ തുടങ്ങിയവർ ആശംസകൾ അർപ്പിക്കാനെത്തിയിരുന്നു.




തെള്ളിയൂർക്കാവ് വൃശ്ചിക വാണിഭത്തോടനുബന്ധിച്ച് ആരോഗ്യ പ്രവർത്തകരെ ആദരിക്കുന്ന സമ്മേളനം കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ ഉദ്ഘാടനം ചെയ്യുന്നു.

# സമൂഹത്തിൽ വെളിച്ചം പകരുന്ന സംരംഭങ്ങളും വ്യക്തികളും ആദരിക്കപ്പെടണം: കർദിനാൾ മാർ ക്ലീമിസ് ബാവ

**തെള്ളിയൂർ:** സമൂഹത്തിൽ വെളിച്ചം പകരുന്ന സംരംഭങ്ങളും വ്യക്തികളും ആദരിക്കപ്പെടണമെന്ന് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ. തെള്ളിയൂർക്കാവ് വൃശ്ചിക വാണിഭത്തോടനുബന്ധിച്ച് ആരോഗ്യ പ്രവർത്തകരെ ആദരിക്കാൻ ചേർന്ന യോഗം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ഗ്രാമീണ സംസ്കൃതിയുടെ നന്മകൾ പ്രസരിപ്പിക്കുന്ന തെള്ളിയൂർക്കാവ് വൃശ്ചിക വാണിഭം അന്ധകാരം വ്യാപിക്കുന്ന സമൂഹത്തിൽ പ്രകാശം പരത്തുന്ന ഘടകമാണെന്ന് കാതോലിക്കാ ബാവ പറഞ്ഞു.

കോവിഡ് കാലത്ത് ആരോഗ്യ മേഖലയിലെ പ്രവർത്തകർ അനുഷ്ഠിച്ച സമർപ്പിത സേവനം അവിസ്മരണീയമാണെന്നും അദ്ദേഹം പറഞ്ഞു.

മുൻ എംഎൽഎ രാജു ഏബ്രഹാം അധ്യക്ഷത വഹിച്ചു. ഡെപ്യൂട്ടി ഡിഎംഒ ഡോ. നന്ദിനി, ഡോ. ജോസ് പാറക്കടവിൽ, ഡോ. സജി ചാക്കോ, കുഞ്ഞുകോശി പോൾ, ജോർജ് കുന്നപ്പുഴ, ഡി. ഗോപാലകൃഷ്ണൻ, ജി. ഗോവിന്ദ്, പി.കെ. പുരുഷോത്തമൻ നായർ, മണി മല്ലപ്പള്ളി എന്നിവർ പ്രസംഗിച്ചു.

www.malankaralibrary.com



# വിഴിഞ്ഞം സമരത്തിന് ഐക്യദാർഢ്യം

നിരണം ● വിഴിഞ്ഞം സമരത്തിന് മലങ്കര കാത്തലിക് അസോസിയേഷൻ മേഖല സമിതി ഐക്യദാർഢ്യം പ്രഖ്യാപിച്ചു.
സമരത്തെ അടിച്ചമർത്താനും, വർഗീയവൽക്കരിക്കുവാനും വൈദികർ അടക്കം ഉള്ളവരെ ഭീകരരായി ചിത്രീകരിച്ച് അവർക്കെതിരെ കള്ള കേസുകൾ എടുക്കുന്നതിൽ സർക്കാരിന്റെ നേതൃത്വത്തിൽ നടത്തുന്ന ശ്രമങ്ങളിൽ മേഖലാ സമിതി പ്രതിഷേധിച്ചു.

യോഗം വൈദിക ഉപദേഷ്ടാവ് ഫാ. ഏബ്രഹാം പ്രസാദ് ഉദ്ഘാടനം ചെയ്തു.

മേഖല പ്രസിഡന്റ് ബിജു പാലത്തിങ്കൽ അധ്യക്ഷത വഹിച്ചു. ജോജി വിഴലിൽ, അനി ഏനാരിൽ, വിനോദ് വർഗീസ്, ബെന്നി സ്കറിയ, ഷാനു മാത്യു, സി.എം. ഐസക്ക്, ശോശാമ്മ തോമസ് എന്നിവർ പ്രസംഗിച്ചു.

# മതസൗഹാർദം ഊട്ടിയുറപ്പിക്കപ്പെടണം: കർദിനാൾ മാർ ക്ലീമിസ് കാതോലിക്ക ബാവ

**മല്ലപ്പള്ളി:** ഓരോ കാലഘട്ടത്തിലും മതസൗഹാർദം ഊട്ടിയുറപ്പിക്കാൻ നാം ശ്രമിക്കണമെന്ന് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്ക ബാവ. മല്ലപ്പള്ളി സെന്റ് ഫ്രാൻസിസ് സേവ്യർ ടൗൺ പള്ളിയുടെ ഇടവക തിരുനാളിൽ സന്ദേശം നൽകുകയായിരുന്നു അദ്ദേഹം. മതസൗഹാർദത്തിന്റെയും സഭകൾ തമ്മിലുള്ള ഐക്യത്തിന്റെയും നാടാണ് മല്ലപ്പള്ളിയെന്നും കാതോലിക്ക ബാവ ചൂണ്ടിക്കാട്ടി. തിരുനാൾ കുർബാനയ്ക്കുശേഷം പള്ളിക്ക് ചുറ്റുമുള്ള പ്രദക്ഷിണം നടന്നു. തുടർന്ന് വിവിധ മേഖലകളിൽ ഉന്നതവിജയം നേടിയവർക്ക് പുരസ്കാരം നൽകി. ഭവനപദ്ധതിയുടെ ഉദ്ഘാടനവും നിർവഹിച്ചു.



മല്ലപ്പള്ളി സെന്റ് ഫ്രാൻസിസ് സേവ്യർ മലങ്കര കത്തോലിക്കാ ദേവാലയത്തിൽ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ തിരുനാൾ സന്ദേശം നൽകുന്നു.

മാത്യു ടി. തോമസ് എംഎൽഎ, വികാരി ഫാ. ഫിലിപ്പ് വട്ടമറ്റം, ഫാ. ജോസ് മണ്ണൂർ കിഴക്കേതിൽ, ഫാ. സന്തോഷ് അഴകത്ത്, ഫാ. കുര്യൻ കിഴക്കേക്കര, ഫാ. ജിജി പയ്യമ്പള്ളി, ട്രസ്റ്റി രാജൻ മാത്യു, സെക്രട്ടറി തോമസ് വർഗീസ്, പഞ്ചായത്ത് പ്രസിഡന്റുമാരായ ഗീതാ കുര്യാക്കോസ്, സൂസൻ തോംസൺ, ബ്ലോക്ക് പഞ്ചായത്ത് അംഗം സിന്ധു സുഭാഷ് എന്നിവർ പ്രസംഗിച്ചു.

www.malankaralibrary.com

# ലഹരി വ്യാപനം തലമുറയ്ക്ക് ശാപം: ബിഷപ് യൂഹാനോൻ മാർ തെയഡോഷ്യസ്




30-11-2022 05:35 PM

**ഫാ. ജോൺ അരീക്കൽ**
**ജനറൽ സെക്രട്ടറി, മദ്യവിരുദ്ധസമിതി**

ലഹരിവ്യാപനം തലമുറയ്ക്ക് ശാപമാണെന്നും ലഹരിമാഫിയയെ നിയന്ത്രിക്കുവാനും അമർച്ച ചെയ്യുവാനും സർക്കാരിന് ചുമതലയുണ്ടെന്നും കെസിബിസി മദ്യവിരുദ്ധസമിതി സംസ്ഥാനസമിതി യോഗം ഉദ്ഘാടനം ചെയ്തുകൊണ്ട് ബിഷപ് ആവശ്യപ്പെട്ടു. കേരളത്തിലെ 32 രൂപതകളിൽ നിന്നുള്ള രൂപതാ ഡയറക്ടേഴ്സും സെക്രട്ടറിയേറ്റ് അംഗങ്ങളും ചേർന്ന് പാലാരിവട്ടം പിഒസിയിൽ കൂടിയ യോഗത്തിൽ സംസ്ഥാന ജനറൽ സെക്രട്ടറി ഫാ. ജോൺ അരീക്കൽ അധ്യക്ഷത വഹിച്ചു. പ്രോഗ്രാം സെക്രട്ടറി ശ്രീ. ബോണി, വൈസ് പ്രസിഡന്റ് ശ്രീമതി ജെസി ഷാജി, ട്രഷറർ തോമസ്കുട്ടി മണക്കുന്നേൽ, ഫാ. ദേവസ്യാ പന്തലൂക്കാരൻ, ഫാ. സ്കറിയാ പതാലിൽ, ഫാ. ആന്റണി ടി.ജെ. എന്നിവർ പ്രസംഗിച്ചു.

## FROM SANCTA SEDES

# സുവിശേഷത്തിന്റെ ആനന്ദം പ്രസരിപ്പിക്കുക: വൈദികരോടു മാർപാപ്പ

**മനാമ:** ബഹറിനിലെ ബഹുസ്വര സമൂഹത്തിൽ സുവിശേഷത്തിന്റെ ആനന്ദം പ്രസരിപ്പിക്കാൻ അക്ഷീണം യത്നിക്കണമെന്ന് മാർപാപ്പ. ബഹറിനിലേക്കുള്ള തന്റെ അപ്പസ്തോലിക സന്ദർശനത്തിന്റെ അവസാനദിവസം തലസ്ഥാനത്തെ സേക്രഡ് ഹാർട്ട് പള്ളിയിൽവച്ച് മെത്രാന്മാർ, വൈദികർ, സമർപ്പിതർ, മതാധ്യാപകർ എന്നിവരോടു സംസാരിക്കുകയായിരുന്നു അദ്ദേഹം.

സംവാദത്തിനു സന്നദ്ധരും ഐക്യത്തിന്റെ കാവൽക്കാരുമാകാൻ അദ്ദേഹം സഭാംഗങ്ങളെ ആഹ്വാനം ചെയ്തു.

വിവിധ രാജ്യങ്ങളിൽനിന്നുള്ള വിശ്വാസികൾ ഉൾക്കൊള്ളുന്ന ബഹറിനിലെ സഭാ കൂട്ടായ്മ, സാർവത്രികസഭയുടെ കാതോലിക സ്വഭാവം പ്രകടിപ്പിക്കുന്നതായി പരിശുദ്ധ പിതാവ് അനുസ്മരിച്ചു. വ്യത്യസ്ത ചരിത്രങ്ങളും വ്യത്യസ്ത മുഖങ്ങളുമുള്ളവർ ഒരേ സഭയുടെ ഭാഗങ്ങളായി ഈശോമിശിഹായുടെ തിരുമുഖത്തിൽ സമന്വയിക്കുന്നതു മനോഹരമാണ്. സഭാംഗങ്ങളെ സദാ നവീകരിച്ചുകൊണ്ടിരിക്കുന്ന പരിശുദ്ധാത്മാവ് നമ്മിലുള്ള ദൈവിക സാന്നിധ്യംതന്നെയാണ്.

നമ്മൾ ക്രൈസ്തവരായിരിക്കുന്നത് വിശ്വാസപ്രമാണം ഏറ്റുചൊല്ലുന്നതുകൊണ്ടല്ല, മാമ്മോദീസയിലൂടെ ആത്മാവിന്റെ ജീവജലം നമുക്കു ലഭിച്ചതുകൊണ്ടാണ്. മാമ്മോദീസ നമ്മെ ദൈവമക്കളും പരസ്പരം സഹോദരരും പുതിയ സൃഷ്ടിയുമാക്കുന്നു. ആത്മാവിന്റെ ദാനമായ ആനന്ദം സമൂഹത്തിൽ പ്രസരിപ്പിക്കാൻ എല്ലാ സഭാംഗങ്ങൾക്കും ചുമതലയുണ്ട്.

യുദ്ധസാഹചര്യത്തിലൂടെ കടന്നുപോകുന്ന യുക്രെയ്നും എത്യോപ്യക്കും വേണ്ടി മാർപാപ്പ പ്രാർഥിച്ചു. ലോകസമാധാനത്തിനു വേണ്ടി പ്രാർഥിക്കാൻ അദ്ദേഹം എല്ലാവരെയും ആഹ്വാനം ചെയ്തു. നാലുദിവസത്തെ അപ്പസ്തോലിക സന്ദർശനം അവസാനിപ്പിച്ച് ഫ്രാൻസിസ് മാർപാപ്പ ഇറ്റാലിയൻ സമയം വൈകുന്നേരം അഞ്ചിന് റോമിലെത്തി. വിദേശയാത്രയ്ക്കുശേഷം പതിവുള്ളതുപോലെ അദ്ദേഹം മാതാവിന്റെ വലിയപള്ളിയിലെത്തി കൃതജ്ഞതാപ്രകാശനം നടത്തി.

www.malankaralibrary.com



# സ്നേഹംകൊണ്ടു തിന്മയെ കീഴടക്കുക: ഫ്രാൻസിസ് മാർപാപ്പ

**മനാമ:** എല്ലാവരെയും എല്ലായ്പോഴും സ്നേഹിച്ചുകൊണ്ടു തിന്മയുടെ ചങ്ങലകളെ പൊട്ടിക്കാനും അക്രമത്തിന്റെ വലയങ്ങളെ തകർക്കാനും ആഹ്വാനം ചെയ്ത് ഫ്രാൻസിസ് മാർപാപ്പ. ഏശയ്യ പ്രവാചകന്റെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട്, ശാശ്വതമായ സമാധാനം തരുന്ന മിശിഹായുടെ ശക്തി വർധിച്ചുവരുമെന്ന് അദ്ദേഹം പറഞ്ഞു. തന്റെ ബഹറിൻ സന്ദർശനത്തിന്റെ മൂന്നാം ദിവസം നാഷണൽ സ്റ്റേഡിയത്തിൽ അർപ്പിച്ച വിശുദ്ധ കുർബാനയ്ക്കിടെ വചനപ്രഘോഷണം നടത്തുകയായിരുന്നു മാർപാപ്പ. വിവിധ ഗൾഫ് രാജ്യങ്ങളിൽനിന്ന് എത്തിയ 30,000ത്തിലേറെ വിശ്വാസികൾ വിശുദ്ധകുർബാനയിൽ പങ്കെടുത്തു.

ശക്തിയും അധികാരവും വർധിക്കുന്നതുകൊണ്ടു സമാധാനം വർധിക്കണമെന്നില്ല. സമാധാനരാജാവ് വരുന്നത് ഭരണാധികാരിയെപ്പോലെയല്ല, ജനങ്ങളെ ദൈവവുമായും തമ്മിൽ തമ്മിലും അനുരഞ്ജിപ്പിക്കുന്നവനായാണ്. അദ്ദേഹത്തിന്റെ ശക്തി പ്രവഹിക്കുന്നത് അക്രമത്തിലല്ല, സ്നേഹത്തിന്റെ ബലഹീനതയിൽനിന്നാണ്. സ്നേഹിക്കാനുള്ള യേശുകല്പന ഓർമിപ്പിച്ച മാർപാപ്പ, അധീശത്വവും അധികാരവും സ്ഥാപിക്കാനുള്ള ശ്രമത്തിൽ മറ്റുള്ളവരുടെ സ്വാതന്ത്ര്യം ഹനിക്കപ്പെടുമെന്നും ദുർബലർ അടിച്ചമർത്തപ്പെടുമെന്നും മുന്നറിയിപ്പു നൽകി. ഓരോ വ്യക്തിയിലൂടെയാണ് ഈ സ്നേഹവിപ്ലവം ആരംഭിക്കേണ്ടത്. തിന്മയ്ക്കു പകരം നന്മ ചെയ്തുകൊണ്ട്, പ്രതികാരവാഞ്ഛയെ ശമിപ്പിച്ചുകൊണ്ട്, അക്രമം അവസാനിപ്പിച്ചുകൊണ്ട്, ഹൃദയത്തെ വിമലീകരിച്ചുകൊണ്ട് സാർവത്രിക സാഹോദര്യം പരിശീലിക്കാൻ അദ്ദേഹം ഉദ്ബോധിപ്പിച്ചു. ശത്രുക്കളെ സ്നേഹിക്കുമ്പോൾ ഭൂമി സ്വർഗത്തിന്റെ പ്രതിഫലനമാകുകയാണ്. യേശുവിന്റെ ശക്തി സ്നേഹമാണ്. അത്തരത്തിൽ സ്നേഹിക്കാൻ യേശു നന്മ ശക്തി[illegible]ത്തും-മാർപ[illegible] പറഞ്ഞു.

വിശുദ്ധ [illegible]ബാനയ്ക്കു [illegible]ഷം നോർത്തേൺ അറേബ്യയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ബിഷപ് പോൾ ഹിൻഡർ പരിശുദ്ധ പിതാവിന്റെ സന്ദർശനത്തിനു നന്ദി പറഞ്ഞു. ബഹ്റിനിലെ ചെറിയ കത്തോലിക്കാ സമൂഹത്തോടു സാർവത്രിക സഭയ്ക്കുള്ള സ്നേഹവും കരുതലും അറിയിക്കുന്നതായി മാർപാപ്പ പ്രസ്താവിച്ചു.

ഉച്ചയ്ക്കുശേഷം അവാലിയിലെ സേക്രഡ് ഹാർട്ട് സ്കൂളിൽ വച്ച് ഫ്രാൻസിസ് മാർപാപ്പ യുവജനങ്ങളെ അഭിസംബോധന ചെയ്തു. ഇന്നു രാവിലെ മനാമയിലെ സേക്രഡ് ഹാർട്ട് പള്ളിയിൽ നടക്കുന്ന പ്രാർഥനാ സമ്മേളനത്തിനു ശേഷം മാർപാപ്പ റോമിലേക്കു മടങ്ങും. ഇറ്റാലിയൻ സമയം വൈകിട്ട് അഞ്ചുമണിയോടെ പാപ്പാ റോമിലെത്തും.

## OBITUARY



**Rev Sr Egburt SIC** (76) Muvattupuzha

11.11.22

www.malankaralibrary.com



**Rev Sr Mary Julia, DM** (92) Parassala
24.11.22



## സിസ്റ്റർ എഗ്ബർട്ട് പുൽപ്പറമ്പിൽ എസ്ഐസി മൂവാറ്റുപുഴ

● മൂവാറ്റുപുഴ ബഥനി മഠാംഗമായ (മൂവാറ്റുപുഴ പ്രോവിൻസ്) സിസ്റ്റർ എഗ്ബർട്ട് എസ്ഐസി (76) അന്തരിച്ചു. സംസ്കാരം ഇന്നു 11ന് മൂവാറ്റുപുഴ രൂപതാധ്യക്ഷൻ യൂഹാനോൻ മാർ തെയൊഡോഷ്യസ് മെത്രാപ്പോലീത്തായുടെ മുഖ്യകാർമികത്വത്തിൽ മഠം വക സെമിത്തേരിയിൽ. പരേത തൊടുപുഴ പുൽപ്പറമ്പിൽ ജോസഫ് മാത്യു - ഏലിക്കുട്ടി ദമ്പതികളുടെ മകളാണ് . സഹോദരങ്ങൾ: ജോസഫ്, ജോൺ, മാത്യു, സേവ്യർ മാത്യു.



സിസ്റ്റർ മേരി ജൂലിയ ഡിഎം

## തിരുവനന്തപുരം

● മേരീമക്കൾ സന്യാസിനി സമൂഹത്തിലെ നിർമല പ്രോവിൻസ് അംഗമായ സിസ്റ്റർ മേരി ജൂലിയ പീടികയ്ക്കൽ പാറയിൽ (92) അന്തരിച്ചു. സംസ്കാരം ഇന്ന് ഉച്ചകഴിഞ്ഞ് മൂന്നിന് നെല്ലിമൂട് മഠംവക സെമിത്തേരിയിൽ. കരിമണ്ണൂർ പീടികയ്ക്കൽ പാറയിൽ പരേതരായ ചാക്കോ അന്നമ്മ ദമ്പതികളുടെ മകളാണ്. സഹോദരങ്ങൾ: അന്നക്കുട്ടി, സിസ്റ്റർ ജെയിംസ് മേരി ഡിഎം, ഏലിക്കുട്ടി, ലൂസിയാമ്മ, പരേതരായ സിസ്റ്റർ മെറ്റിൽഡ ഡിഎം, പി.സി.വർഗീസ്, പി.സി.ചാക്കോ. വെണ്ണിയൂർ, കിരാത്തൂർ, മാർത്താണ്ഡം, പനച്ചമൂട്, തക്കല, പുന്നാവൂർ, കൊട്ടാരക്കര, വെട്ടിത്തിട്ട, പ്രാവച്ചമ്പലം, നെല്ലിമൂട് എന്നീ മഠങ്ങളിൽ സുപ്പീരിയറായും മിഷനറിയായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

www.malankaralibrary.com



**Mr. Thomas C Varghese**, Mayur Vihar Parish Phase- 1. 14.11.22

## WORD OF THE MONTH

***"Trust in the Lord forever, for in the Lord God you have an everlasting rock." (Is 26:4).***

The Word of Life we're aiming to live this month is taken from the book of the prophet Isaiah, a wide-ranging and rich text that is cherished in the Christian tradition. In fact, it contains beloved writings such as the announcement of Emmanuel, "the God with us" (Is 7:14, Mt 1:23), or the figure of the "suffering servant" (Is 52:13–53:12), which forms the background to accounts of Jesus' passion and death. This verse is part of a song of thanksgiving that the prophet places on the lips of the people of Israel when, having overcome their terrible ordeal of exile, they finally return to Jerusalem. His words bring hope to the heart, because God's presence beside Israel is faithful and unwavering as a rock. God himself will sustain every effort made by the people as they rebuild their civil, political and religious life. While the city believed to be "lofty" will be razed to the ground (Is 26:5) because it was not built according to God's plan of love, the one built on the rock of his closeness will enjoy peace and prosperity. How can we overcome the temptation to let ourselves be brought down by the difficulties we face nowadays, which can make us close in on ourselves and cultivate feelings of suspicion and mistrust towards others?

As Christians, the answer is certainly to "rebuild" with courage, first of all by trusting in the relationship with God, who in Jesus became our neighbor as we journey through life, even when we travel along the darkest, narrowest, steepest and most winding pathways. But this faith does not mean passive waiting. On the contrary, it asks us to be active, creative and responsible protagonists in building a new city founded on the commandment of mutual love. This city has open doors and welcomes everyone; especially "the poor and oppressed" (Is 26:6) who have always been the Lord's favorites.

www.malankaralibrary.com

As we travel along this path, we are certain to enjoy the companionship of the many men and women who hold dear the universal values of solidarity and the dignity of every person, as well as respect for creation, our common home.

**"Trust in the Lord forever, for in the Lord God you have an everlasting rock."**

In the Spanish village of Aljucer, an entire community is committed to building fraternal relationships based upon open and inclusive forms of participation. They tell us: "In the summer of 2008, we set up a cultural association, with the aim of carrying out activities of various kinds, both of our own initiative as well as in collaboration with other associations in the area. Our goal was to promote spaces for dialogue and international humanitarian projects. "For example, every year since the beginning, we have promoted a solidarity dinner for the Fraternity with Africa project, to finance scholarships for young Africans committed to working in their country for at least five years. These are dinners that bring together about 200 people and are supported by shopkeepers and other groups. "We have also been very happy to work for many years now with another association. Together we organize an annual event that is open to people active in such fields as culture, music, painting and literature, as well as representatives engaged in politics, business and medicine. It is an opportunity for all of them to share experiences from their working lives and the deeper reasons for the choices they have made."

**"Trust in the Lord forever, for in the Lord God you have an everlasting rock."**

Christmas is approaching. Let us already begin to prepare for it by welcoming Jesus in his Word, which is the rock upon which to build the city for all people. "Let us be the very embodiment of his word, let us make it our own, let us experience the power it unleashes in us and around us, if we put it into practice. "Let us fall in love with the Gospel to the point of allowing ourselves to be transformed by it and thus enable it to overflow onto others...

Suggestions, comments, news and pics for inclusion: 'mcagurgaondiocese@gmail.com', or whatsapp nos 9868214289 (Gen. Secretary), 9879339439 (President), 9879100503 .P.G.James